*Uncorrected/Not for publication*

*29-10-2026*

*Annexure to Submission*

1. വല്ലാർപാടം പദ്ധതിയുടെ പ്രത്യാഘാതങ്ങൾ തടയുന്നതിനും ഫോർട്ട് കൊച്ചിയിലെ തീരശോഷണം പരിഹരിക്കുന്നതിനും നടപടി സംബന്ധിച്ച് ശ്രീ. മുഹമ്മദ് ഷിയാസ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടി

ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് ഷിയാസ് സമർപ്പിച്ച സബ്മിഷനിലെ വിഷയം സർക്കാരിന്റെ ഗൗരവപൂർവമായ പരിഗണനയിൽ വന്നിട്ടുണ്ട്.

ജലസേചന വകുപ്പ് എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി കേരളത്തിലെ തീരദേശത്തിലെ അപകടസാധ്യതയുള്ള ഭാഗങ്ങളിലൊന്നായി തിരിച്ചറിഞ്ഞിട്ടുണ്ട്. ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി (Coastal protection at Fort kochi from CP1066 to CP 1072) തീരസംരക്ഷണം നടത്താനുള്ള നടപടികൾ മിഷൻ ഡയറക്ടറേറ്റിന്റെ (PMU-WRD) കീഴിൽ നടത്തിവരികയാണ്.

അതിന്റെ ഭാഗമായി ഈ പ്രദേശത്തെ തീരസംരക്ഷണത്തിനായുള്ള നടപടി നിശ്ചയിക്കാൻ ആവശ്യമായ മോഡലിങ്, ഡിസൈൻ തുടങ്ങിയ ശാസ്ത്രീയ പഠനങ്ങൾ CWPRS (Cetnral Water and Power Research

Station) മുഖേന നടത്തിവരികയാണ്. പദ്ധതിയുടെ തയ്യാറെടുപ്പിന്റെ ഭാഗമായി, ആവശ്യമായ CRZ നില വിലയിരുത്തലും പാരിസ്ഥിതിക പഠനങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിർദിഷ്ട പ്രവർത്തനങ്ങൾക്കായി CRZ അനുമതി നേടുന്നതിന് ആവശ്യമായ CRZ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചെന്നൈയിലെ ദേശീയ സുസ്ഥിര തീരദേശ മാനേജ്മെന്റ് കേന്ദ്രത്തിനെ (NCSCM) നിയോഗിച്ചിട്ടുണ്ട്. NCSCM പ്രവർത്തനങ്ങളാരംഭിച്ച്, ഡ്രാഫ്റ്റ് CRZ മാപ്പുകൾ തയ്യാറാക്കിവരുന്നു. കൂടാതെ, നിർദിഷ്ട തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി ദ്രുത പരിസ്ഥിതി ആഘാത വിലയിരുത്തൽ (Rapid EIA) പഠനം നടത്തുന്നതിനായി Utlra Tech Environmental Consultancy-നിയോഗിച്ചിട്ടുണ്ട്. EIA റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പരമ്പരാഗത കടൽഭിത്തികൾക്ക് പുറമെ, ആർട്ടിഫിഷ്യൽ റീഫുകൾ, ജിയോട്യൂബുകൾ, ബീച്ച് നോറിഷ്മെന്റ് തുടങ്ങിയ പ്രകൃതിസൗഹൃദപരമായ ശാസ്ത്രീയ ബദൽ സംവിധാനങ്ങൾ നടപ്പിലാക്കാനുള്ള സാധ്യതകളും ഈ മോഡലിങ് പഠനത്തിന്റെ ഭാഗമായി വിലയിരുത്തിവരുന്നു.

*Annexure to Submission*

പഠനം പൂർത്തിയാക്കി ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തി സാമ്പത്തികാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ്.

2. മൂന്നാർ ഫ്ലൈ ഓവറിന്റെ അലൈൻമെന്റ് അന്തിമമാക്കൽ സംബന്ധിച്ച് ശ്രീ. എഫ്. രാജ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടി

മൂന്നാർ ഫ്ലൈ ഓവർ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-07-2017-ലെ സർക്കാർ ഉത്തരവ് നമ്പർ GO (Rt) No. 942/2017/PWD പ്രകാരം കെ.ആർ.എഫ്.ബി.-യെ നിർവഹണ ഏജൻസിയാക്കി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ ഇടുക്കി സ്പെഷ്യൽ വികസന പാക്കേജ് എന്ന പേരിൽ 14-03-2026-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ.)നം.7/2026/P&EA, 01-04-2026-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (കൈ)നം.10/2026/P&EA എന്നിവ പ്രകാരം 79.24 കോടി രൂപയുടെ തത്ത്വത്തിലുള്ള ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ തുടർനടപടികളുടെ ഭാഗമായി, നിർവഹണ ഏജൻസിയായ KRFB വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project

*Annexure to Submission*

Report തയ്യാറാക്കി കിഫ്ബിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. സമർപ്പിക്കപ്പെട്ട ഡി.പി.ആർ. പരിശോധിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ സാങ്കേതിക വശങ്ങൾ വിലയിരുത്തുന്നതിനും നിർദിഷ്ട സ്ഥലത്തെ സാഹചര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി കിഫ്ബിയുടെ ഭാഗത്തുനിന്ന് സ്ഥലപരിശോധന നടത്തുകയുണ്ടായി

സ്ഥലപരിശോധനയുടെയും ഡി.പി.ആർ. പരിശോധനയുടെയും അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വശങ്ങൾ കൂടുതൽ വിശദമായി വിലയിരുത്തുകയും ആവശ്യമായ വ്യക്തതകളും വിശദീകരണങ്ങളും ലഭ്യമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് തുടർനടപടികൾക്കായി KRFB-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ സുഗമമായ നിർവഹണം ഉറപ്പാക്കുന്നതിനും സ്ഥലത്തെ നിലവിലുള്ള സാഹചര്യങ്ങൾ, ഗതാഗത ആവശ്യകതകൾ, സാങ്കേതിക സാധ്യതകൾ എന്നിവ പരിഗണിച്ച് അനുയോജ്യമായ രൂപകൽപ്പനയും അലൈൻമെന്റും തയ്യാറാക്കുന്നതിനുമായി കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ (Technical Resource Centre - TRC) സഹായം

കെ.ആർ.എഫ്.ബി. ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആവശ്യം നിലവിൽ TRC പരിശോധിച്ചുവരികയാണ്.

3. <u>മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം സംബന്ധിച്ച് ശ്രീ. എ. കെ. എം. അഷ്റഫ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടി</u>

18-01-2019-ലെ G.S.R. 37 (E) നമ്പർ പ്രകാരം കോസ്റ്റൽ റെഗുലേഷൻ സോൺ സംബന്ധിച്ച വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാൻ 2019-ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു. 16-10-2024 മുതൽ കേരളത്തിലെ 10 തീരദേശ ജില്ലകളിൽ 2019-ലെ കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധിച്ച വിജ്ഞാപനം ബാധകമായിട്ടുണ്ട്.

2011-ലെ ജനസംഖ്യാ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ഉള്ള പ്രദേശങ്ങളെ CRZ III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ

CRZIII **ബി** വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കുമ്പള, മംഗൽപ്പാടി എന്നീ ഗ്രാമപഞ്ചായത്തുകൾ CRZ III **ബി** വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06-10-2021-ലെ G.O. (MS).No.226/2021/LSGD നമ്പർ വിജ്ഞാപനത്തിൽ ഉൾപ്പെട്ട 175 തീരദേശ പഞ്ചായത്തുകളെ CRZ III കാറ്റഗറിയിൽനിന്നും CRZ II കാറ്റഗറിയിലേക്ക് മാറ്റുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് ശിപാർശ സമർപ്പിക്കുകയും 66 ഗ്രാമപഞ്ചായത്തുകളെ CRZ II വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ കേന്ദ പരിസ്ഥിതി വനം മന്ത്രാലയം അനുമതി നല്കിയിട്ടുമുണ്ട്. ശേഷിക്കുന്ന 109 ഗ്രാമപഞ്ചായത്തുകളെ കൂടി CRZ II വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ടി 109 ഗ്രാമ പഞ്ചായത്തുകളിൽ മഞ്ചേശ്വരം, കുമ്പള, മംഗൽപ്പാടി എന്നീ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും മറുപടി ലഭ്യമായിട്ടില്ല.

*Annexure to Submission*

2019 CRZ വിജ്ഞാപനത്തിലെ clause 9(iv) പ്രകാരം പരമ്പരാഗത തീരദേശവാസി സമൂഹത്തിന് നിബന്ധനകൾക്ക് വിധേയമായി (1991, 2011 CRZ വിജ്ഞാപനപ്രകാരം) അനുവദനീയമായതും മുൻകൂർ അനുമതി നേടാത്തതുമായ ഗാർഹിക നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകുവാൻ വ്യവസ്ഥയുണ്ട്. ആയത് പ്രകാരമുള്ള ക്രമവൽക്കരണ നടപടികൾ കേരള തീരദേശ പരിപാലന അതോറിറ്റി സ്വീകരിച്ചുവരുന്നു. Coastal Zone Management Plan - 2019 നിലവിൽ വന്ന 16-10-2024-ന് ശേഷമുള്ള ക്രമവൽക്കരണ അപേക്ഷകൾ പരിഗണിക്കുവാൻ 2019 CRZ വിജ്ഞാപന പ്രകാരം നിലവിൽ വ്യവസ്ഥയില്ല. കൂടാതെ, CRZ III B വിഭാഗത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ 300m2 വരെയുള്ള നിർമ്മാണങ്ങൾക്ക് അനുമതി നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ ശിപാർശ അംഗീകരിക്കുന്നപക്ഷം മഞ്ചേശ്വരം, കുമ്പള, മംഗൽപ്പാടി ഉൾപ്പെടെയുള്ള

പഞ്ചായത്തുകളിലെ CRZ നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് പരിഹാരം ഉണ്ടാകുന്നതാണ്.

4. <u>മിഷൻ സമുദ്ര പദ്ധതി സംബന്ധിച്ച് ശ്രീ. എ. ഡി. തോമസ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടി</u>

2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ 19-06-2026-ന് പ്രഖ്യാപിച്ച പഞ്ചവത്സര സമുദ്ര സാമ്പത്തിക പരിവർത്തന പദ്ധതിയാണ് മിഷൻ സമുദ്ര. 2026-27-ലേക്ക് 400 കോടി രൂപയുടെ മിഷൻ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. തുറമുഖ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ വകുപ്പ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ, റോഡ്, റെയിൽ, ജലപാത കണക്റ്റിവിറ്റി, ലോജിസ്റ്റിക്സ് പാർക്കുകൾ, മാരിടൈം ക്ലസ്റ്ററുകൾ, തുറമുഖബന്ധിത നഗരങ്ങൾ എന്നിവയെ ഒരു സംയോജിത സമുദ്ര സമ്പദ്വ്യവസ്ഥയായി വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2031-ഓടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും ലക്ഷ്യമിടുന്നു. ഈ പദ്ധതി കേവലം ഒരു മത്സ്യബന്ധന പദ്ധതിയല്ല. തീരദേശ സമ്പദ്വ്യവസ്ഥയുടെ സമഗ്ര വികസനമാണ്.

*Annexure to Submission*

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും തീരദേശ ജനതയുടെയും ഉപജീവനവും നൈപുണ്യ വികസനവും പദ്ധതിയുടെ രൂപകൽപ്പനയിൽതന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മാരിടൈം ക്ലസ്റ്റർ വികസന പരിപാടിയുടെ ഭാഗമായി മറൈൻ എക്സ്പോർട്ട് സോൺ & സീഫുഡ് പാർക്ക്, കോസ്റ്റൽ അക്വാകൾച്ചർ & മറൈൻ ഫുഡ് പ്രോസസ്സിങ് ക്ലസ്റ്റർ എന്നിവ വിഭാവന ചെയ്തിട്ടുണ്ട്. ഇവയുടെ നിർവഹണത്തിൽ ഫിഷറീസ് വകുപ്പ് പങ്കാളിയാണ്. മത്സ്യത്തൊഴിലാളി ഉപജീവന സംരക്ഷണം, കോൾഡ് ചെയിൻ, മത്സ്യ ഉൽപാദക സംഘടനകളുടെ (FPO) സംയോജനം എന്നിവ ഇതിന്റെ ഭാഗമാണ്.

ഓരോ തുറമുഖ മേഖലയിലും മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ, സമൂഹ സംരംഭങ്ങൾ, സ്കിൽ സെന്ററുകൾ എന്നിവ ഉൾപ്പെടുന്ന 'തീരദേശ സമൂഹ ഉപജീവന മേഖലയും പരിശീലന സ്ഥാപനങ്ങൾ ഉൾപ്പെടുന്ന "ഇന്നൊവേഷൻ & സ്കിൽസ് മേഖലയും ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ബാധിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും തീരദേശ

തൊഴിലാളികൾക്കും പ്രാദേശിക നൈപുണ്യ വികസനം, പരിവർത്തന സഹായം, ഗ്രണഫലം പങ്കുവയ്ക്കൽ എന്നിവ പദ്ധതിയുടെ സാമൂഹിക സുരക്ഷാ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലോജിസ്റ്റിക്സ്, സ്മാർട്ട് പോർട്ട്, ഗ്രീൻ ഷിപ്പിങ് തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസനത്തിനും പരിശീലനത്തിനുമായി 'സെന്റർ ഫോർ ലോജിസ്റ്റിക്സ് എക്സലൻസ് ആൻഡ് മാരിടൈം ഇന്നൊവേഷൻ' വിഭാവനം ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കൾ പോളിടെക്നിക്കുകൾ എന്നിവയുമായും നൈപുണ്യ വികസനത്തിൽ പങ്കാളിത്തം ഉദ്ദേശിക്കുന്നു.

മിഷൻ സമുദ്ര റൗണ്ട് ടേബിൾ കോൺഫറൻസിന്റെ സമാപനത്തിൽ അരുരിനെ സീഫുഡ് ഹബ്ബായി വികസിപ്പിക്കുമെന്നും സമുദ്രോൽപ്പന്ന കയറ്റുമതിക്കും അക്വാകൾച്ചറിനും മുൻഗണന നൽകുമെന്നും മാരിടൈം നിയമം, ലോജിസ്റ്റിക്സ് എന്നിവയിൽ അക്കാഡമിക് പ്രോഗ്രാമുകൾ ആരംഭിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. മിഷന്റെ ഭാഗമായ പദ്ധതികളിൽ തീരദേശ മേഖലയിലെ യുവാക്കൾക്ക് സംവരണം ഉറപ്പാക്കുമെന്നും

പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ നൈപുണ്യ വികസനം എന്ന വിഷയം ഫിഷറീസ് വകുപ്പും കോൺഫറൻസിൽ ഉന്നയിച്ചിരുന്നു. CMFRI, IRCLASS, ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങൾ പരിശീലന പ്രോഗ്രാമുകൾക്ക് പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്.

കോൺഫറൻസിലെ നിർദേശങ്ങൾ ഉൾപ്പെടുത്തി മിഷൻ സമുദ്രയുടെ പദ്ധതി തിരിച്ചുള്ള നിർവഹണ രൂപരേഖ (Implementation Roadmap) തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്,

KASE, CUSAT, KUFOS തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡിപ്ലോമ കോഴ്സുകൾ, കുടുംബശ്രീ മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രത്യേക ബാച്ചുകൾ, ആലപ്പുഴ, അത്തൂർ, മാരാരിക്കുളം കേന്ദ്രീകരിച്ച് സ്കിൽ സെന്റർ മത്സ്യഫെഡ്/ഫിഷറീസ്/ടൂറിസം വകുപ്പുകളിൽ അപ്രന്റിസ്ഷിപ്പ് - ഫിഷറീസ്, ടൂറിസം, തൊഴിൽ & നൈപുണ്യ, ഉന്നത വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി കൂടിയാലോചിച്ച് പരിശോധിക്കുന്നതാണ്. നിലവിലുള്ള പദ്ധതികളുമായുള്ള സംയോജനത്തിലൂടെ ഇവ നിർവഹണ രൂപരേഖയിൽ ഉൾപ്പെടുത്തുന്നത്

പരിഗണിക്കുന്നതാണ്. അത്തർ സീഫുഡ് ഹബ്ബുമായി ബന്ധപ്പെടുത്തിയുള്ള നൈപുണ്യ വികസന സാധ്യതയും പ്രത്യേകം പരിശോധിക്കുന്നതാണ്.

മിഷൻ സമുദ്ര പദ്ധതിയിലൂടെ പ്രധാനമായും തുറമുഖ, ടെർമിനൽ പ്രവർത്തനങ്ങൾ, തീരദേശ കപ്പൽ ഗതാഗതം, ഉൾനാടൻ ജലഗതാഗതം എന്നി മേഖലകളിലാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നത്. മൾട്ടിമോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രീ ട്രേഡ് വെയർഹൗസിങ് സോണുകൾ, ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോകൾ, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ, വെയർഹൗസിങ്, കോൾഡ്ചെയിൻ തുടങ്ങിയ ലോജിസ്റ്റിക്സ് സംവിധാനങ്ങളിലും കൂടുതൽ അവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടും. കപ്പൽ നിർമ്മാണവും അറ്റകുറ്റപ്പണിയും മറൈൻ എഞ്ചിനീയറിങ് സമുദ്രോൽപ്പന്ന സംസ്കരണവും കയറ്റുമതിയും ബങ്കറിങ്ങും ഹരിത ഇന്ധനങ്ങളും എന്നീ മേഖലകളിലും തൊഴിൽ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി സംസ്ഥാനത്തെ യുവതീ യുവാക്കൾക്ക് ആവശ്യമായ നൈപുണ്യവികസന പദ്ധതികൾ അവിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

ഫീഷറിസ് വകുപ്പിന് കീഴിലുള്ള 'സാഫ്' 'കുടുംബശ്രീ' എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾക്ക് മൂല്യവർധനവ്, പാക്കേജിങ്, ഓൺലൈൻ വിപണനം എന്നീ മേഖലകളിൽ പ്രാവീണ്യം നൽകുന്നതിനായിട്ടുള്ള പരിശീലനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

മത്സ്യ സംസ്കരണ ശാലകൾ പ്രവർത്തിക്കുന്ന ആലപ്പുഴ, അരൂർ, മാരാരിക്കുളം കേന്ദ്രീകരിച്ച് മിഷൻ സമുദ്ര സ്പിൽ സെന്റർ സ്ഥാപിക്കുന്നതിനും തുടർന്ന് പരിശീലനം ലഭിക്കുന്നവർക്ക് മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ്, ടൂറിസം വകുപ്പ് എന്നിവിടങ്ങളിൽ അപ്രന്റീഷിപ്പ് നൽകുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

5. <u>മട്ടന്നൂർ മണ്ഡലത്തിലെ പുരളിമല പ്രദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. വി. കെ. സനോജ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടി</u>

വിമാനത്താവളങ്ങളുടെ സുരക്ഷയും വിമാന സർവീസുകളുടെ സുഗമമായ നടത്തിപ്പും മുൻനിർത്തി സിവിൽ ഏവിയേഷൻ മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കണ്ണൂർ മട്ടന്നൂർ മണ്ഡലത്തിലെ

*Annexure to Submission*

പുരളിമല (മച്ചൂർ മല) പ്രദേശത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുള്ളത്. കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയം 2015 സെപ്റ്റംബർ 30-ന് പുറപ്പെടുവിച്ച G.S.R. 751(E) വിജ്ഞാപന പ്രകാരമാണ് കണ്ണൂർ മട്ടന്നൂർ മണ്ഡലത്തിലെ പുരളിമല (മച്ചൂർ മല) പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾക്ക് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ(AAI) NOC നിർബന്ധമാക്കിയത്. ഈ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിർദിഷ്ട നിർമ്മാണങ്ങൾക്കായി ഉയരപരിധി നിർണ്ണയിക്കുന്നതും അപേക്ഷകൾ പരിശോധിക്കുന്നതും.

കണ്ണൂർ വിമാനത്താവളത്തിന്റെ എയർഡ്രോം റഫറൻസ് പോയിന്റിൽനിന്ന് ഏകദേശം 10,660 മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന പുരളിമല, കടൽനിരപ്പിൽനിന്ന് 499.49 മീറ്റർവരെ ഉയരമുള്ള ഒരു സ്വാഭാവിക മലനിരയാണ്. പ്രദേശത്തിന്റെ ഈ ഉയർന്ന സ്വാഭാവിക ഭൂപ്രകൃതി കാരണം, നിശ്ചിത വ്യോമസുരക്ഷാ പരിധിയായ Obstacle

*Annexure to Submission*

Limitation Surface (OLS)-നെക്കാൾ ഏകദേശം 244.61 മീറ്റർ കൂടുതൽ ഉയരത്തിലാണ് ഈ പ്രദേശം നിൽക്കുന്നത്. ചില ഭാഗങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുൻപുതന്നെ തറനിരപ്പ് അനുവദനീയമായ പരിധിയേക്കാൾ കൂടുതലായതിനാൽ, NOC അപേക്ഷകൾ പരിശോധിക്കുമ്പോൾ സ്വാഭാവികമായും തടസ്സങ്ങൾ നേരിടുന്നു. പ്രദേശത്തെ ഭൂമിയുടെ തറനിരപ്പ് (Ground Elevation) പരിശോധിക്കുമ്പോൾ, ചില ഭാഗങ്ങളിൽ നിർമ്മാണം നടത്തുന്നതിന് മുൻപുതന്നെ നിലവിലുള്ള ഉയരം അനുവദനീയമായ പരമാവധി പരിധിയേക്കാൾ കവിയുന്നതായി കാണാം. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകതയും നിർദിഷ്ട നിർമ്മാണങ്ങളുടെ ഉയരവും WGS-84 (World Geodetic system 1984) കോർഡിനേറ്റുകളുടെ അടിസ്ഥാനത്തിൽ AAI-യുടെ NOCAS പോർട്ടൽവഴി പരിശോധിക്കുമ്പോൾ OLS (Obstacle Limitation Surface) മാനദണ്ഡങ്ങളുടെ ലംഘനം ഉണ്ടാകുന്നതിനാലാണ് അപേക്ഷകൾ നിരസിക്കപ്പെടുന്നത്. KIAL-ഉം

*Annexure to Submission*

AAI-ഉം ചേർന്ന് തയ്യാറാക്കിയ കളർ കോഡഡ് സോണിങ് മാപ്പ് (CCZM) പ്രകാരം, നിർദിഷ്ട കെട്ടിടത്തിന്റെ ഉയരവും തറനിരപ്പും അനുവദനീയമായ പരിധിക്കുള്ളിലാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് അനുമതി നൽകാവുന്നതാണ്. കൂടാതെ, AAI NOC നിരസിക്കുന്ന പക്ഷം അപേക്ഷകർക്ക് ഏ.ടഞ. 751(E) റൂൾ 11(2) പ്രകാരം അപ്പലേറ്റ് കമ്മിറ്റിയെ സമീപിക്കാനുള്ള നിയമപരമായ അവസരവുമുണ്ട്.

പ്രദേശവാസികൾ നേരിടുന്ന ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി KIAL ഇതിനോടകം തന്നെ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ (AAI) ഡയറക്ടറേറ്റ് ഓഫ് ഏഡ്രോം സേഫ് ഗാർഡിങ്ങിനെ സമീപിക്കുകയും അനുകൂലമായ ഒരു ശാശ്വത പരിഹാരത്തിനായി ചർച്ചകൾ പുരോഗമിക്കുന്നു.

6. <u>തലശ്ശേരി ഇറമുഖത്തിന്റെ വികസനം സംബന്ധിച്ച് ശ്രീ. കാരായി രാജൻ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടി</u>

*29-10-2026*

*Annexure to Submission*

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ, കേരളം മാരിടൈം ബോർഡിന്റെ കീഴിലുള്ള തലശ്ശേരി തുറമുഖത്തെ 1.40 ഏക്കർ സ്ഥലം (കടൽപ്പാലം, ഓഫീസ്, ക്വാർട്ടേഴ്സുകൾ, ഷെഡ്ഡുകൾ എന്നിവയടക്കം) PPP മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. സ്ഥലത്തിന്റെ വിനോദസഞ്ചാര, സാമ്പത്തിക സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് ഈ വികസനത്തിന്റെ ലക്ഷ്യം.

മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി തലശ്ശേരി തുറമുഖത്തെ ഒരു സമുദ്ര വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കാൻ പദ്ധതിയിടുന്നു.

ബ്രിട്ടീഷ് ഭരണകാലം മുതൽ സുഗന്ധവ്യഞ്ജന വ്യാപാരത്തിന്റെ പ്രധാന കേന്ദ്രമായിരുന്നു തലശ്ശേരി. ഈ ചരിത്രപരവും സാംസ്കാരികവുമായ പൈതൃകം നിലനിർത്തിക്കൊണ്ട്, ഇപ്പോഴുള്ള കടൽപ്പാലവും അനുബന്ധ കെട്ടിടങ്ങളും നവീകരിച്ച് സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. കടൽത്തീര നടപ്പാത,

സമുദ്രപൈതൃക മ്യൂസിയം, ജലകായിക വിനോദങ്ങൾ, ഭക്ഷണശാലകൾ, സാംസ്കാരിക പരിപാടികൾക്കുള്ള വേദികൾ തുടങ്ങിയ സൗകര്യങ്ങൾ ഇതിനായി ഒരുക്കും. ഇതോടെ തലശ്ശേരി കോട്ട, മുഴപ്പിലങ്ങാട് ഡ്രൈവ് -ഇൻ ബീച്ച്, ധർമ്മടം തുരുത്ത് എന്നിവ ഉൾപ്പെടുന്ന മലബാർ വിനോദസഞ്ചാര ശൃംഖലയിലെ ഒരു പ്രധാന കേന്ദ്രമായി തുറമുഖം മാറും. പ്രദേശവാസികൾക്ക് നേരിട്ടും അല്ലാതെയുമുള്ള തൊഴിലവസരങ്ങൾ ഇതിലൂടെ ലഭിക്കും. ഒപ്പം, ആസ്തികൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിലൂടെ കേരളം മാരിടൈം ബോർഡിന് സ്ഥിരവരുമാനം ഉറപ്പാക്കാനും പദ്ധതി സഹായിക്കും.

7. <u>ശ്രീ. പി. എം. എ. സമീർ എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി</u>

ഖനനം പൂർത്തിയാക്കിയ പ്രവർത്തനമില്ലാത്തതും ഉപേക്ഷിക്കപ്പെട്ടതുമായ ക്വാറികൾ പലസ്ഥലത്തും അപകട ഭീഷണിയുയർത്തുന്നവയാണ്. ഇത്തരം ക്വാറികളുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നിർദേശം മൈനിങ് ആൻഡ് ജിയോളജി വകുപ്പ്

ഡയറക്ടർക്ക് നൽകുന്നതാണ്. ഇവയുടെ പുനരുപയോഗം സംബന്ധിച്ച് സർക്കാർ സങ്കേതിക പഠനം നടത്തുന്നതാണ്.

ടൂറിസം, ജലസേചനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് അനുയോജ്യമായ ക്വാറികളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം, കുടിവെള്ളം ഉൾപ്പെടെയുള്ള മറ്റനുബന്ധ പദ്ധതികൾക്ക് ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും ആവശ്യമായ രൂപരേഖകൾ തയ്യാറാക്കുന്നതിനും മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകുന്നതാണ്.

8. <u>യഹൂദ പള്ളി കത്തിച്ച സംഭവം സംബന്ധിച്ച് ശ്രീ. ടി. ജെ. വിനോദ് എം.എൽ.എ.-യുടെ സബ്മിഷന് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടി</u>

എറണാകുളം ജില്ലയിലെ എറണാകുളം മാർക്കറ്റ് റോഡിൽ സ്ഥിതി ചെയ്യുന്ന പുരാതനമായ കടവുംഭാഗം യഹൂദ പള്ളിയോട് ചേർന്ന് എറണാകുളം സ്വദേശി ഏലിയാസ് ജോസഫ് നടത്തിവരുന്ന Kochi Blossoms Aquarium Nursery-യുടെ ഗേറ്റിൽ സ്ഥാപിച്ചിരുന്ന ഫ്ലക്സ്

ബാനറും അത് ഉറപ്പിച്ചിരുന്ന പൈപ്പും 12-10-2026-ന് പുലർച്ചെ 2.30 -ന് കാറിൽ വന്ന ഒരാൾ ഏതോ ദ്രാവകം ഒഴിച്ച് തീവച്ച് നശിപ്പിച്ച കാര്യത്തിന് ഏലിയാസ് ജോസഫിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ എറണാകുളം സെൻട്രൽ പൊലീസ് സ്റ്റേഷനിൽ BNS നിയമത്തിലെ 326(g) വകുപ്പ് പ്രകാരം ക്രൈം നം. 1076/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ഈ കേസിന്റെ ഗൗരവം കണക്കിലെടുത്ത് നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി ശേഖരിച്ച ശാസ്ത്രീയ തെളിവുകൾ വിശകലനം ചെയ്തതിൽനിന്നും ഈ കേസിന് ആസ്പദമായ കുറ്റകൃത്യം ഐക്കരനാട് സ്വദേശിയായ എബിൻ ബി. പോൾ എന്നയാൾ അയാളുടെ ഉടമസ്ഥതയിലുള്ള KL-17Y 7450 നമ്പർ കാറിൽ എത്തിയാണ് ചെയ്തതെന്ന് വെളിവായിട്ടുള്ളതാണ്. തുടർന്ന് ഈ കേസിൽ എബിൻ ബി. പോളിനെ പ്രതിചേർത്തിട്ടുള്ളതും തൊട്ടടുത്ത ദിവസം തന്നെ (13-10-2026) അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി കോടതി പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. കേസിന്റെ തുടർന്നുള്ള

അന്വേഷണത്തിനായി പ്രതിയെ കസ്റ്റഡിയിൽ വാങ്ങി സ്ഥലത്തെത്തിച്ച് അന്വേഷണം നടത്തിയിട്ടുള്ളതാകുന്നു. പ്രതി തീ കത്തിക്കാനുപയോഗിച്ച ദ്രാവകം ഏതാണെന്ന് തിരിച്ചറിയുന്നതിനായി സംഭവ സ്ഥലം ഫോറൻസിക് വിദഗ്ധർ പരിശോധന നടത്തി ശേഖരിച്ച തെളിവുകൾ ശാസ്ത്രീയ പരിശോധനയ്ക്കായി അയച്ചിട്ടുള്ളതാണ്.

അന്വേഷണത്തിന്റെ ഭാഗമായി പ്രതിയുടെ പക്കൽനിന്നും കണ്ടെത്തിയ തെളിവുകൾ ശാസ്ത്രീയമായി വിശകലനം ചെയ്തതിൽ പ്രതിയായ എബിൻ ബി. പോൾ മറ്റാരുടെയോ പ്രേരണമൂലം സാമ്പത്തിക ലാഭം കൈപ്പറ്റി ഇന്ത്യയുമായി ശക്തമായ നയതന്ത്രബന്ധം പുലർത്തുന്ന വിദേശ രാജ്യങ്ങളുമായുള്ള ബന്ധത്തിന് വിള്ളൽ ഉണ്ടാക്കുക, ഇന്ത്യയിൽ വസിക്കുന്ന വിദേശ പൗരന്മാർക്കിടയിൽ ഭീതി ഉളവാക്കുക എന്നീ ലക്ഷ്യത്തോടെയാണ് അന്താരാഷ്ട്ര തീവ്രവാദ ഭീഷണിയുമായി ബന്ധപ്പെട്ട് കടവുംഭാഗം സിനഗോഗ് പള്ളി തീ വച്ച് നശിപ്പിക്കാൻ ശ്രമിച്ചത് എന്ന് വെളിവായതിന്റെ അടിസ്ഥാനത്തിലും പ്രതിക്ക് തീവ്രവാദ ബന്ധം സംശയിക്കത്തക്ക

വിവരങ്ങൾ ലഭിച്ചതിനാലും UAPA നിയമത്തിലെ 15, 16(1)(b) എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ഈ കേസിന്റെ വിവരങ്ങൾ കേന്ദ്ര ഏജൻസികളും രഹസ്യാന്വേഷണ ഏജൻസികളും ശേഖരിച്ചിട്ടുള്ളതാണ്.

ഈ കേസിലെ പ്രതിയായ എബിൻ ബി. പോൾ താമസിച്ചുവന്നിരുന്ന ഐക്കരനാടുള്ള വീട് പരിശോധന നടത്തിയതിൽ ടി വീട്ടിൽനിന്നും നിരോധിത രാസലഹരി വസ്തുക്കൾ കണ്ടെത്തിയ കാര്യത്തിന് പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ NDPS നിയമപ്രകാരം ക്രൈം നം.931/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ഈ കേസിന്റെ ഗൗരവ സ്വഭാവം കണക്കിലെടുത്ത് കൊച്ചി സിറ്റി ഡെപ്യൂട്ടി കമ്മീഷണറുടെ 15-10-2026-ലെ ഉത്തരവുപ്രകാരം ഈ കേസിന്റെ അന്വേഷണം എറണാകുളം സെൻട്രൽ പൊലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേകം അന്വേഷണ സംഘം രൂപീകരിച്ച് ഊർജിതമായി നടത്തിവരുന്നു.

*Annexure to Submission*

9. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർധിപ്പിക്കൽ സംബന്ധിച്ച് ശ്രീ. സി. ആർ. മഹേഷ് എം.എൽ.എ.-യുടെ സബ്മിഷന് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടി

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീ സുരക്ഷാ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പോലീസ് സ്റ്റേഷനുകൾ കൂടുതൽ വനിതാ സൗഹൃദമാക്കുന്നതിനുമായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർധിപ്പിക്കേണ്ടതായിട്ടുണ്ട്. കൂടാതെ നിലവിൽ പോലീസ് നടപ്പിലാക്കി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള കൗൺസിലിങ് സംവിധാനം, സംസ്ഥാനത്ത് നിലവിലുള്ള പിങ്ക് പട്രോളിങ്ങ് സംവിധാനം, സ്ത്രീ സുരക്ഷ മുൻനിർത്തി നടപ്പിലാക്കിവരുന്ന മറ്റ് സാമൂഹിക സേവനങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർധിപ്പിക്കേണ്ടത് അനിവാര്യമാണ്.

*Annexure to Submission*

ഏഷ്യയിലെതന്നെ ആദ്യത്തെ വനിതാ പോലീസ് സ്റ്റേഷൻ 27-10-1973-ന് കോഴിക്കോട്ട് പ്രവർത്തനം ആരംഭിച്ചത് ശ്രീ.കെ.കരുണാകൻ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന കാലത്താണ്. പോലീസ് സേനയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന് സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമായി വനിതാ ബറ്റാലിയനും പ്രവർത്തിച്ച് വരുന്നത് വനിതകളുടെ പ്രാതിനിധ്യം പോലീസ് സേനയിൽ വർധിപ്പിക്കാൻ ഉദ്ദേശിച്ച് നടപ്പിലാക്കിയ പരിഷ്കാരങ്ങളാണ്.

പോലീസ് വകുപ്പിൽ പുരുഷ, വനിതാ പ്രാതിനിധ്യം ഫലപ്രദമായി ഉറപ്പാക്കുന്നതിനായി വിവിധ ജില്ലകളിലായി കേരള സിവിൽ പോലീസ് കേഡറിൽ CPO തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പുരുഷ, വനിതാ റാങ്ക് ലിസ്റ്റുകളിൽ നിശ്ചിത അനുപാതത്തിൽ വിഭജിക്കേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച ഒരു നിർദ്ദേശം മുൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ നിലവിലുള്ളതും പ്രതീക്ഷിക്കുന്നതുമായ ഒഴിവുകൾ കണക്കാക്കുമ്പോൾ, ഓരോ 10 ഒഴിവുകളിൽ 9 ഒഴിവുകൾ പുരുഷൻമാർക്കും ഒരു ഒഴിവ് വനിതകൾക്കും

സംവരണം ചെയ്യണമെന്ന് അനുമതി നൽകിയിട്ടുള്ളതുമാണ്. ആയത് പ്രകാരം നിലവിൽ പോലീസിൽ പുരുഷ റിക്രൂട്ട്മെന്റ് 9:1 അനുപാതത്തിലാണ് നിയമനം നടന്നുവരുന്നത്.

കേരള പോലീസിൽ 33 ശതമാനം വനിതാ പ്രാതിനിധ്യം കൈവരിക്കുന്നതിനായി പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ പുരുഷ-വനിതാ റിക്രൂട്ട്മെന്റ് അനുപാതം നിലവിലുള്ള 9:1 ൽനിന്നും 7:3 ലേയ്ക്ക് ഉയർത്തേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ചുകൊണ്ട് 25-07-2026-ൽ പോലീസ് ആസ്ഥാനത്തുനിന്നും സർക്കാരിലേയ്ക്ക് ഒരു നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും പോലീസിലെ പുരുഷ വനിതാ പ്രാതിനിധ്യം 7:3 എന്ന അനുപാതത്തിൽ വർധിപ്പിക്കുന്നതിന് 28-10-2026-ലെ മന്ത്രിസഭ തീരുമാനിച്ചു.

10. <u>പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ശ്രീ. കെ. കെ. രാമചന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ) നൽകിയ മറുപടി</u>

*Annexure to Submission*

കിഫ്ബി ഫണ്ട് വിനിയോഗിച്ച് ആർ.ബി.ഡി.സി.കെ. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിർമ്മിക്കുന്ന തൃശ്ശൂർ ജില്ലയിലെ പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ DPR 18-02-2017-ന് അംഗീകാരം ലഭിക്കുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവുൾപ്പെടെ ആകെ 37.73 കോടി രൂപയുടെ സാമ്പത്തിക അനുമതി 27-07-2017-ന് കിഫ്ബിയിൽനിന്നും ലഭിക്കുകയും ചെയ്തു. തുടർന്ന്, പദ്ധതിയുടെ ജനറൽ-അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) റെയിൽവേയുടെ അംഗീകാരത്തിനായി റെയിൽവേയിൽ സമർപ്പിക്കുകയും ചെയ്തു.

പദ്ധതി നിർവഹണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ 14-09-2022-ന് പൂർത്തീകരിക്കുകയും തുടർന്ന്, റെയിൽവേ നിർദേശിച്ച മാറ്റങ്ങളുൾപ്പെടുത്തി പുതുക്കിയ GAD യ്ക്ക് 28-11-2024-ന് റെയിൽവേയുടെ അംഗീകാരം നേടുകയും ചെയ്തു. തുടർന്ന്, ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനായി DSOR 2016 എസ്റ്റിമേറ്റ് DSOR 2018-ലേയ്ക്കും പിന്നീട് DSR 2021-ലേയ്ക്ക് പുതുക്കുകയും ചെയ്തു. ഇത്തരത്തിൽ പുതുക്കിയ

*Annexure to Submission*

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹43.03 കോടി രൂപയുടെ സാമ്പത്തിക അനുമതി KIIFB-നൽകി.

ആയതിൻപ്രകാരം, സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമായ തുകയേക്കാൾ കൂടുതലായിരുന്നതിനാൽ 27-05-2025-നും പിന്നീട് 06-11-2025-നും 31-01-2026 പ്രവൃത്തി ടെൻഡർ ചെയ്തു. മൂന്നാമത്തെ ടെൻഡറിൽ ഒരു ബിഡ്ഡർ മാത്രമാണ് പങ്കെടുത്തത്. ബിഡ്ഡർ ക്വോട്ട് ചെയ്ത തുക സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള തുകയേക്കാൾ കൂടുതലായതിനാൽ ബിഡ്ഡറുമായി ക്വോട്ട് ചെയ്ത തുക നെഗോഷിയേറ്റ് ചെയ്യുന്നതിനും ബിഡ്ഡർ നിരക്ക് കുറയ്ക്കാൻ സമ്മതിക്കാത്തപക്ഷം എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് വീണ്ടും റീ-ടെൻഡർ ചെയ്യുന്നതിനും നിർദേശം ലഭിക്കുകയുണ്ടായി. ഇതനുസരിച്ച് ബിഡ്ഡറുമായി ടെൻഡർ തുക സംബന്ധിച്ച് ചർച്ച നടത്തിയെങ്കിലും, ക്വോട്ട് ചെയ്ത തുക കുറയ്ക്കാൻ ബിഡ്ഡർ സമ്മതമല്ലെന്ന് അറിയിച്ചു.

തുടർന്ന്, എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തുകയായ Rs. 49.33 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി

ലഭിക്കുന്നതിനായി KIIFB-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിയും ആവശ്യമായ സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യുന്നതാണ്.

കൂടാതെ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട നെല്ലായി, നന്തിക്കര, ആലത്തൂർ റെയിൽവേ മേല്പാലങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

നെല്ലായി മേൽപ്പാലം: പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി 24-08.-2026-ൽ റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്.

നന്തിക്കര റെയിൽവേ മേൽപ്പാലം: റെയിൽവേയുടെ നിർദേശപ്രകാരം പുതുക്കിയ GAD അംഗീകാരത്തിനായി 05-09-2026-ൽ റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്.

ആലത്തൂർ റെയിൽവേ മേൽപ്പാലം: റെയിൽവേയിൽനിന്നും പുതുക്കിയ GAD-യുടെ അംഗീകാരം 28-05-2026-ൽ ലഭ്യമായി. പദ്ധതി നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിനുവേണ്ട റിക്വിസിഷൻ ലെറ്റർ ജില്ലാ കളക്ടർക്ക് 26-09-2026-ൽ നൽകി.

*Annexure to Submission*

11. പേങ്ങാട്ടിരി - കൊപ്പം - തിരുവേഗപ്പുറ – വളാഞ്ചേരി റോഡ് നവീകരണം സംബന്ധിച്ച് ശ്രീ. മുഹമ്മദ് മുഹസിൻ എം.എൽ.എ.-യുടെ സബ്മിഷന്

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ) നൽകിയ മറുപടി

മലപ്പുറം - പാലക്കാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 23.885 കി. മീ നീളം വരുന്ന പേങ്ങാട്ടിരി-കൊപ്പം-തിരുവേഗപ്പുറ-വളാഞ്ചേരി റോഡിൽ തിരുവേഗപ്പുറ പാലം മുതൽ കൊപ്പം വരെയുള്ള ഭാഗത്തെ ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തി ചെയ്തതിന്റെ പരിപാലന കാലാവധി 2 വർഷത്തിന് മുന്നേ കഴിഞ്ഞിട്ടുണ്ട്. വളരെ തിരക്കേറിയ റോഡ് ആയതിനാലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്കേജുമൂലവും റോഡിന് സാരമായ കേടുപാടുകൾ വന്നിട്ടുണ്ട്. മാത്രമല്ല, പേങ്ങാട്ടിരി മുതൽ കൊപ്പം വരെയുള്ള ഭാഗത്ത് 10 വർഷമായി പൂർണ്ണതോതിലുള്ള നവീകരണ പ്രവൃത്തികൾ നടന്നിട്ടുമില്ല.

പേങ്ങാട്ടിരി മുതൽ വളാഞ്ചേരി വരെയുള്ള 23.885 കി. മീ. റോഡ് വീതി കൂട്ടി ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

*Annexure to Submission*

12. ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് ശ്രീ. വി.ടി സുരജ് എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ) നൽകിയ മറുപടി

ബാലുശ്ശേരി ടൗണിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കി പൊതുജനങ്ങൾക്ക് യാത്ര ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് ബാലുശ്ശേരി ബൈപ്പാസ്. ടി പദ്ധതിക്ക് 10 കോടി രൂപക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതിക്കായി അലൈൻമെന്റ് തയ്യാറാക്കുന്നതിനായി സർവെ നടത്തുന്ന സമയത്ത് പൊതുജനങ്ങളിൽനിന്നും ശക്തമായ എതിർപ്പുണ്ടായതിനാൽ KHRI-യുടെ സഹായത്തോടെ ഡ്രോൺ സർവെ നടത്തി അലൈൻമെന്റ് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ 2.45 കി.മീ. ദൂരമുള്ള പ്രസ്തുത ബൈപ്പാസിനായി 820 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 11.55 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റിൽ നിർദിഷ്ട ബൈപ്പാസ്, ബാലുശേരി മുക്ക് എന്ന സ്ഥലത്തുനിന്നും ആരംഭിച്ച് കാട്ടാംവള്ളി എന്ന സ്ഥലത്ത് അവസാനിക്കുന്ന രീതിയിൽ 12 മീറ്റർ RoW-യിലുള്ള റോഡാണ് നിർദ്ദേശിച്ചിരുന്നത്.

എന്നാൽ ഈ അലൈൻമെന്റ് തുടങ്ങുന്നത് ബാലുശ്ശേരി മുക്കിന് (ബാലുശ്ശേരി കോഴിക്കോട് റോഡ് ജങ്ഷൻ) വളരെ അടുത്തായതിനാൽ ബാലുശ്ശേരി ടൗണിലെ ശ്രുക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നിർദിഷ്ട ബൈപ്പാസ് പൂർണ്ണമായും പര്യാപ്തമല്ല എന്നതും ആ ഭാഗത്തെ ജനങ്ങളുടെ ശക്തമായ സ്ഥലം എതിർപ്പും പരിഗണിച്ച് കെ.ആർ.എഫ്.ബി. ഉദ്യോസ്ഥരും ബഹുമാനപ്പെട്ട എം.എൽ.എ.-യുംകൂടി സ്ഥലം സന്ദർശിക്കുകയും നിലവിലുള്ള അലൈൻമെന്റിന് എതിർവശത്തായി ഗ്രീൻ ഫീൽഡിലൂടെയുള്ള ക്രുരാച്ചുണ്ട് ബാലുശ്ശേരി റോഡിൽ ബന്ധിപ്പിക്കുന്ന രീതിയിൽ പുതിയ അലൈൻമെന്റ് പരിഗണിക്കണം എന്ന അഭിപ്രായപ്രകാരം പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള അനുമതിക്കായി കിഫ്ബിക്ക് കത്ത് നൽകിയിട്ടുണ്ട്.

13. ആര്യങ്കാവ്, കുളത്തുപ്പുഴ, തെന്മല, തിങ്കൾകരിക്കകം എന്നീ വില്ലേജുകൾ ഇ.എസ്.എ. നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടത് സംബന്ധിച്ച് ശ്രീ. സി. അജയപ്രസാദ് എം.എൽ.എ.-യുടെ സബ്മിഷന് വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്) നൽകിയ മറുപടി

*Annexure to Submission*

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 27-07-2026-ന് പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 131 വില്ലേജുകളിലായി 9993.7 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് പരിസ്ഥിതിലോലപ്രദേശമായി ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 9107 ചതുരശ്ര കിലോമീറ്റർ വനഭൂമിയും 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശവുമാണ്. ആയതിൽ ജനവാസ, തോട്ടം മേഖലകൾ ഉൾപ്പെട്ടുവരുന്നതിനാൽ, സംസ്ഥാനത്തെ ഇ.എസ്.എ-യെ സംബന്ധിച്ച് അവശ്യമായ ശാസ്ത്രീയ വിശകലനം നടത്തി, കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിശോധനയും പഞ്ചായത്തുതല പരിശോധനയും നടത്തി, ജനവാസ മേഖലകളും, സ്വകാര്യ തോട്ടഭൂമിയും, ഒറ്റപ്പെട്ട വനപ്രദേശങ്ങളും മറ്റും ഒഴിവാക്കി 2024-ൽ തന്നെ സംസ്ഥാന സർക്കാർ കേരളത്തിന്റെ ഇ.എസ്.എ. 98 വില്ലേജുകളിലായി 8590.69 ചതുരശ്ര കിലോമീറ്റർ പ്രദേശത്തുമാത്രമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം അംഗീകരിക്കാതെയാണ് മേൽപ്പറഞ്ഞ 9993.7 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പ്രദേശം ESA ആയി വീണ്ടും

കരട് വിജ്ഞാപനത്തിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പരിഷ്കരിച്ച നിർദ്ദേശം 24-09-2026-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരം 131 വില്ലേജുകളിൽനിന്ന് 33 വില്ലേജുകൾ പൂർണ്ണമായും ഇ.എസ്.എ.-യിൽനിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല, കൃഷിസ്ഥലങ്ങളെയും ജനവാസ മേഖലകളേയും തോട്ടങ്ങളെയും പൂർണമായും ESA പരിധിയിൽനിന്നും ഒഴിവാക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടിട്ടുള്ളത്.

കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ ഉൾപ്പെട്ട ആര്യങ്കാവ്, കുളത്തൂപ്പുഴ, തെന്മല, തിങ്കൾകരിക്കകം എന്നീ വില്ലേജുകളിലായി അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തൂപ്പുഴ, യേത്തുർ റിസർവ് വനങ്ങൾ, എഡമൺ തേക്ക് പ്ലാന്റേഷൻ റിസർവ്, ശെന്തുരുണി വന്യജീവി സങ്കേതം തുടങ്ങിയ സംരക്ഷിത വനമേഖലകൾ ഉൾപ്പെട്ടുവരുന്നതിനാൽ, ടി വില്ലേജുകളിലെ വനഭൂമികൾ നിലവിലെ നിർദിഷ്ട ഇ.എസ്.എ.-യിൽ ഉൾപ്പെട്ടുവരുന്നു. **ടി** വില്ലേജുകളിലെ ജനവാസകേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും തോട്ടങ്ങളെയും പൂർണ്ണമായും ഒഴിവാക്കികൊണ്ടാണ്,

നിർദിഷ്ട ഇ.എസ്.എ. പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ആയതിന്റെ സ്ഥലീയ വിവരങ്ങൾ ജനങ്ങൾക്ക് അനായാസം പരിശോധിക്കാവുന്ന വിധത്തിൽ കേരള സർക്കാർ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ, കരട് ഇ.എസ്.എ. വിജ്ഞാപനപ്രകാരം, ഇ.എസ്.എ.-യുടെ വ്യവസ്ഥകൾ നിരീക്ഷിക്കുന്നതിന്റെയും, നടപ്പാക്കുന്നതിന്റെയും ഉത്തരവാദിത്തം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തിന്റെ ഭേദഗതി നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് കേരള നിയമസഭ ഒറ്റക്കെട്ടായി പ്രമേയം വഴി കേന്ദ്രസർക്കാരിനോട് അഭ്യർഥിച്ചിട്ടുള്ളതാണ്.

സംസ്ഥാന സർക്കാർ സമർപ്പിച്ച പരിഷ്കരിച്ച നിർദ്ദേശം നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

*Annexure to Submission*

14. കോന്നി നിയോജകമണ്ഡലത്തിലെ ജനവാസ മേഖലകളെ ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കൽ സംബന്ധിച്ച് ശ്രീ. കെ. യു. ജനീഷ് കുമാർ എം.എൽ.എ.-യുടെ സബ്മിഷന് വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്) നൽകിയ മറുപടി

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 27-07-2026-ന് പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 131 വില്ലേജുകളിലായി 9993.7 കിലോമീറ്റർ പ്രദേശമാണ് പരിസ്ഥിതിലോല പ്രദേശമായി ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 9107 ചതുരശ്ര കിലോമീറ്റർ വനഭൂമിയും 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശവുമാണ്. ആയതിൽ ജനവാസ, തോട്ടം മേഖലകൾ ഉൾപ്പെട്ടുവരുന്നതിനാൽ, സംസ്ഥാനത്തെ ഇ.എസ്.എ.-യെ സംബന്ധിച്ച് അവശ്യമായ ശാസ്ത്രീയ വിശകലനം നടത്തി, കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിശോധനയും പഞ്ചായത്തുതല പരിശോധനയും നടത്തി, ജനവാസ മേഖലകളും സ്വകാര്യ തോട്ടഭൂമിയും ഒറ്റപ്പെട്ട വനപ്രദേശങ്ങളും മറ്റും ഒഴിവാക്കി 2024-ൽ തന്നെ സംസ്ഥാന സർക്കാർ കേരളത്തിന്റെ ഇ.എസ്.എ. 98 വില്ലേജുകളിലായി 8590.69 ചതുരശ്ര കിലോമീറ്റർ

പ്രദേശത്തുമാത്രമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം അംഗീകരിക്കാതെയാണ് മേൽപ്പറഞ്ഞ 9993.7 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പ്രദേശം ESA ആയി വീണ്ടും കരട് വിജ്ഞാപനത്തിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പരിഷ്കരിച്ച നിർദേശം 24-09-2026-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദേശപ്രകാരം 131 വില്ലേജുകളിൽനിന്ന് 33 വില്ലേജുകൾ പൂർണ്ണമായും ഇ.എസ്.എ.-യിൽനിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല, ജനവാസ മേഖലകളേയും തോട്ടങ്ങളെയും കൃഷിസ്ഥലങ്ങളെയും പൂർണമായും ESA പരിധിയിൽനിന്നും ഒഴിവാക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെട്ട സീതത്തോട്, ചിറ്റാർ, അരുവാപ്പുലം, തണ്ണിത്തോട് എന്നീ വില്ലേജുകളിലായി കോന്നി റിസർവ് വനം, കുമാരമ്പേത്തുർ റിസർവ് വനം, ഗ്രഡരിക്കൽ റിസർവ് വനം, പെരിയാർ കടുവ സങ്കേതം തുടങ്ങിയ സംരക്ഷിത വനമേഖലകൾ ഉൾപ്പെട്ടുവരുന്നതിനാൽ, ടി വില്ലേജുകളിലെ വനഭൂമികൾ നിലവിലെ

നിർദിഷ്ട ഇ.എസ്.എ-യിൽ ഉൾപ്പെട്ടുവരുന്നു. ആയതിന്റെ സ്ഥലീയ വിവരങ്ങൾ ജനങ്ങൾക്ക് അനായാസം പരിശോധിക്കാവുന്ന വിധത്തിൽ മാപ്പുകൾ കേരള സർക്കാർ വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ, കരട് ഇ.എസ്.എ. വിജ്ഞാപനപ്രകാരം, ഇ.എസ്.എ.യുടെ വ്യവസ്ഥകൾ നിരീക്ഷിക്കുന്നതിന്റെയും നടപ്പാക്കുന്നതിന്റെയും ഉത്തരവാദിത്തം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. കേരളത്തിലെ ജനവാസമേഖലകളെയും കൃഷിസ്ഥലങ്ങളെയും തോട്ടങ്ങളെയും പൂർണമായും ESA പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം നമ്മുടെ നിയമസഭ ഒറ്റക്കെട്ടായി പ്രമേയ രൂപത്തിൽ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

സംസ്ഥാന സർക്കാർ സമർപ്പിച്ച പരിഷ്കരിച്ച നിർദ്ദേശം നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

*Annexure to Submission*

15. സൗജന്യ ഡയാലിസിസ് കേന്ദ്രങ്ങളെ വാട്ടർ ചാർജിൽനിന്ന് ഒഴിവാക്കൽ സംബന്ധിച്ച് ശ്രീമതി ഫാത്തിമ തഹിലിയ എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടി

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വൃക്ക രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചികിത്സ നൽകുന്ന സ്ഥാപനങ്ങൾ നിർവഹിക്കുന്ന മഹത്തായ സേവനം സർക്കാർ ഏറെ പ്രാധാന്യത്തോടെയാണ് കാണുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഗണ്യമായ അളവിൽ ജലം ആവശ്യമായതിനാൽ ഉയർന്ന വാട്ടർ ചാർജ് അവയുടെ സാമ്പത്തിക ബാധ്യത വർധിപ്പിക്കുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് തികച്ചും പ്രസക്തമാണ്.

സാധാരണക്കാർക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും കുടിവെള്ള നിരക്കിൽ സർക്കാർ നിലവിൽ വിവിധ ഇളവുകൾ അനുവദിച്ചുവരുന്നുണ്ട്. പ്രതിമാസം 15,000 ലിറ്റർ വരെ ജലം ഉപയോഗിക്കുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കുടിവെള്ളം നൽകിവരുന്നുണ്ട്. കൂടാതെ, പൂർണ്ണമായും സൗജന്യ സേവനം നൽകുന്ന

രജിസ്റ്റർ ചെയ്ത അനാഥാലയങ്ങൾക്കും വൃദ്ധമന്ദിരങ്ങൾക്കും നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വർധിപ്പിച്ച വാട്ടർ ചാർജിൽ 50 ശതമാനം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി നിലവിൽ ജലശുദ്ധീകരണത്തിനും വിതരണത്തിനും ചെലവാകുന്നതിലും കുറഞ്ഞ നിരക്കിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. 2024-25 വർഷത്തെ താൽക്കാലിക കണക്കുകൾ പ്രകാരം ഒരു കിലോ ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 24.56 രൂപ ചെലവാകുമ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം 19.90 രൂപ മാത്രമാണ്. അതോറിറ്റിയുടെ സാമ്പത്തിക പരിമിതികൾക്കിടയിലും സാമൂഹിക പ്രതിബദ്ധതയുള്ള സ്ഥാപനങ്ങൾക്ക് സാധ്യമായ സഹായങ്ങൾ നൽകണമെന്നതാണ് സർക്കാരിന്റെ സമീപനം.

സൗജന്യ ഡയാലിസിസ് കേന്ദ്രങ്ങൾ സാധാരണ ചികിത്സാ സ്ഥാപനങ്ങളിൽനിന്നും വ്യത്യസ്തമായി നിർധനരായ രോഗികൾക്ക് ജീവൻരക്ഷാ ചികിത്സയാണ് ലഭ്യമാക്കുന്നത്. അതിനാൽ ഇത്തരം

കേന്ദ്രങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കേണ്ടതിന്റെ ആവശ്യകത സർക്കാർ ഗൗരവമായി കാണുന്നു.

ഈ സാഹചര്യത്തിൽ, സൗജന്യമായി ഡയാലിസിസ് നടത്തുന്ന അംഗീകൃത സ്ഥാപനങ്ങൾക്ക് വാട്ടർ ചാർജിൽ പ്രത്യേക ഇളവ് അനുവദിക്കണമെന്നുള്ള ആവശ്യം പ്രത്യേകം പരിഗണിക്കുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയും നിലവിലുള്ള നിയമ വ്യവസ്ഥകളും പരിഗണിച്ച് അർഹമായ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ ഇളവ് നൽകുന്നതിനുള്ള സാധ്യതയും സർക്കാർ അനുഭാവപൂർവം പരിശോധിക്കുന്നതാണ്.

ഇതിനായി അർഹതാമാനദണ്ഡങ്ങളും ആവശ്യമായ സാമ്പത്തിക ബാധ്യതയും നടപ്പാക്കാനുള്ള സാധ്യതയും സംബന്ധിച്ച് വിശദമായ നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്. ഇക്കാര്യത്തിൽ ലഭിക്കുന്ന റിപ്പോർട്ട് പരിശോധിച്ചശേഷം നിർധനരായ വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് ചികിത്സ നൽകിവരുന്ന എല്ലാ സ്ഥാപനങ്ങളിലും

തടസ്സമില്ലാതെ ചികിത്സ ലഭ്യമാക്കുന്നതിനും ഇത്തരം സേവന സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും സർക്കാർതലത്തിൽ ചെയ്യാവുന്ന പരമാവധി അനുകൂലമായ നിലപാട് സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

16. നാദാപുരം മണ്ഡലത്തിലെ ജലജീവൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് ശ്രീ. കെ. എം. അഭിജിത്ത് എം.എൽ.എ.- യുടെ സബ്മിഷന് ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടി

നാദാപുരം നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്നതിനും എല്ലാ വീടുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്.

നാദാപുരം, ഇരുമ്പേരി, വളയം, വാണിമേൽ, നരിപ്പറ്റ, കായക്കൊടി പഞ്ചായത്തുകളിൽ നിലവിലുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല വിപുലീകരിച്ച് നൽകിയ കണക്ഷനുകളിൽ ഭൂരിഭാഗവും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നാണ് കേരള വാട്ടർ അതോറിറ്റി മറുപടി

നൽകിയിട്ടുള്ളത്. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ബൂസ്റ്റർ സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള ശേഷിക്കുന്ന പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

ചെക്യാട് പഞ്ചായത്തിൽ 12.5 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയും 113 കിലോമീറ്റർ പൈപ്പ് ലൈനും പൂർത്തീകരിച്ച് 5400 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. എന്നാൽ വിഷ്ണുമംഗലം പാലത്തിന് സമീപമുള്ള ഭൂമി തർക്കവുമായി ബന്ധപ്പെട്ട കോടതി കേസ് കാരണം ഗ്രാവിറ്റി മെയിൻ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിയമപരമായ തടസ്സങ്ങൾ പരിഹരിച്ച് കുടിവെള്ള വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉയർന്ന പ്രദേശങ്ങൾക്കായുള്ള രണ്ടാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്.

കാവിലുംപാറ, മരുതോങ്കര പഞ്ചായത്തുകൾക്കായുള്ള സംയുക്ത കുടിവെള്ളപദ്ധതിയുടെ ഭാഗമായി 100 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്.

അനുബന്ധ പ്രവൃത്തികൾ 2028 മാർച്ച് 31-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകളിൽ ചെക്യാട്, കായക്കൊടി പഞ്ചായത്തുകളിലെ പ്രധാന പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽ ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്. എടച്ചേരിയിൽ കരാറുകാരനുമായി ബന്ധപ്പെട്ട നിയമ നടപടികൾമൂലം പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പ്രതിസന്ധി പരിഹരിക്കാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് സംസ്ഥാനതലത്തിൽ 1351.20 കോടി രൂപയുടെ അധിക അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ, അടിയന്തര റോഡ് പുനഃസ്ഥാപനത്തിന് തദ്ദേശസ്ഥാപനങ്ങളുടെ വിവിധ ഗ്രാന്റുകൾ മുൻകൂറായി വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം തദ്ദേശസ്ഥാപനങ്ങൾ മുൻകൂറായി പ്രവൃത്തി നടപ്പാക്കുകയും റോഡുകൾ പുനഃരുദ്ധരിക്കുകയും ചെയ്താൽ പിന്നീട് ബിൽ

സമർപ്പിക്കുന്നത് പ്രകാരം കേരള വാട്ടർ അതോറിറ്റി പണം കൊടുത്തുതീർക്കുന്നതാണ്.

നാദാപുരം മണ്ഡലത്തിലെ റോഡുകൾ അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിനും നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ പരിഹരിച്ച് ശേഷിക്കുന്ന കുടിവെള്ള പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതാണ്. എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ഉറപ്പുവരുത്തുന്നതാണ്. 2028 മാർച്ച് 31-ന് മുൻപായി പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് നാദാപുരം നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണം ഫലപ്രദമായി നിർവഹിക്കുന്നതിനും ഇപ്പോഴത്തെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും സർക്കാർ സത്വര നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

17. പൊഴിയൂർ - കൊല്ലംകോട് തീരസംരക്ഷണ പദ്ധതി സംബന്ധിച്ച്

ശ്രീ. എൻ. ശക്തൻ എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടി

*Annexure to Submission*

തിരുവനന്തപുരം ജില്ലയിൽ കടലാക്രമണം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ കൊല്ലംകോട് തീരദേശ സംരക്ഷണ പദ്ധതിക്ക് സർക്കാരിൽനിന്ന് 93.22 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. കൊല്ലംകോട് തീരദേശ സംരക്ഷണ പദ്ധതിയിൽ തമിഴ്നാട് അതിർത്തി മുതൽ 1700 മീറ്റർ തീരദേശ സംരക്ഷണമാണ് കടൽഭിത്തി നിർമ്മാണത്തിലൂടെ ഉറപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ആകെ 11 (പതിനൊന്ന്) പുലിമുട്ടുകളുടെ നിർമ്മാണമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ടെട്രാപോഡ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരൻ പാറക്കല്ലുകൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ, ഒക്ടോബർ മാസത്തിലുണ്ടായ കടൽക്ഷോഭ പ്രതിഭാസത്തെത്തുടർന്ന് കടലാക്രമണം രൂക്ഷമാവുകയും തിരമാലകൾ സമീപത്തെ വീടുകളിലേക്കും റോഡുകളിലേക്കും ഇരച്ചുകയറുകയും

തീരപ്രദേശത്ത് അനവധി വീടുകൾ തകരുകയും നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യും സർക്കാർ സംവിധാനങ്ങളും ദുരന്ത നിവാരണ അതോറിറ്റിയും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും ജില്ലാ ഭരണകൂടവും ചർച്ച ചെയ്ത് കരാറുകാരൻ പദ്ധതി പ്രദേശത്ത് എത്തിച്ച കല്ലുകൾ വിനിയോഗിച്ച് അടിയന്തര പ്രാധാന്യത്തോടെ ആവശ്യമായ സംരക്ഷണം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുകയുണ്ടായി.

കൊല്ലംകോട് തീരദേശ സംരക്ഷണ പദ്ധതി പ്രദേശം തമിഴ്നാട് അതിർത്തിക്ക് സമീപത്താണ് സ്ഥിതിചെയ്യുന്നത്. ഈ പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചത് 2026 ഫെബ്രുവരി മാസത്തിലാണ്. പദ്ധതി ടെൻഡർ ചെയ്ത സമയത്ത് തമിഴ്നാട്ടിൽനിന്ന് ആവശ്യമായ കല്ലുകൾ ലഭിക്കുന്ന സാഹചര്യം നിലവിലുണ്ടായിരുന്നു. എന്നാൽ, പ്രവൃത്തി ആരംഭിക്കുന്ന സന്ദർഭത്തിൽ കല്ല് ലഭിക്കാതെ നിയന്ത്രണം നിലവിൽവന്നു. 2026 ജൂലൈയിൽ തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ പാറക്കല്ലുകളുടെ കയറ്റുമതി നിരോധനംമൂലമുണ്ടായ ലഭ്യതക്കുറവും തലസ്ഥാനത്ത് കല്ല്

ലഭിക്കാത്ത സാഹചര്യവും കൊല്ലംകോട് തീരസംരക്ഷണ പദ്ധതിയെ സാരമായി ബാധിക്കുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്.

ഏകദേശം 2.80 ലക്ഷം ടൺ കല്ലുകളും ഏകദേശം 30000 ടെട്രാപോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ മെറ്റലുകളുമാണ് ഈ പദ്ധതിക്ക് ആവശ്യമായിട്ടുള്ളത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽനിന്നും ആവശ്യമായ അളവിൽ കല്ലുകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ പ്രതിസന്ധി കാരണം സമീപ ജില്ലകളായ കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിൽനിന്നും കല്ലുകൾ എത്തിക്കേണ്ടി വരുമെന്നും ഇതുമൂലം അധിക ചെലവ് വഹിക്കേണ്ടിവരുമെന്നും കരാറുകാരൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തെ നിലവിലെ സ്ഥിതിയും പദ്ധതിയുടെ പ്രാധാന്യവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും പ്രാദേശിക നേതാക്കളുടെയും സാന്നിധ്യത്തിൽ ഇറിഗേഷൻ വകുപ്പ് ഉന്നതതലയോഗം നിയമസഭാ സമ്മേളനത്തോടനുബന്ധിച്ച് വിളിച്ചുചേർക്കുകയുണ്ടായി. കൊല്ലംകോട് ടെൻഡർ ചെയ്തിരിക്കുന്ന ടെട്രാപോഡ് നിർമ്മാണ പദ്ധതിക്ക് മുൻപായി

അടിയന്തര പ്രാധാന്യത്തോടെ എത്രയും പെട്ടെന്ന് കടലോര തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വേണ്ടിവരുന്ന അധിക സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യമാണുള്ളത്. ജനങ്ങളുടെ ആശങ്കയും സുരക്ഷാ പ്രശ്നങ്ങളും വീടുകളുടെ സുരക്ഷയും ഉറപ്പുവരുത്താൻ അടിയന്തര സുരക്ഷാ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഗൗരവമേറിയ ഈ സാഹചര്യം സർക്കാർ അടിയന്തര പ്രാധാന്യത്തോടെ കണക്കിലെടുത്ത് നടപടി സ്വീകരിച്ചുവരികയാണ്. ഇതേത്തുടർന്ന് പൊഴിയൂർ കൊല്ലംകോട് തീരസംരക്ഷണ പദ്ധതിയുടെ നിർവഹണത്തിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുന്നു.

18. <u>പെരുമ്പാവൂരിൽ ആധുനിക സൗകര്യങ്ങളുള്ള ഇ.എസ്.ഐ ആശുപത്രി നിർമ്മിക്കൽ സംബന്ധിച്ച് ശ്രീ. മനോജ് മൂത്തേടൻ എം.എൽ.എ.-യുടെ സബ്മിഷന് തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ) നൽകിയ മറുപടി</u>

ഇ. എസ്. ഐ. കോർപ്പറേഷന്റെ 08-02-2013-ൽ നടന്ന 159-ാം മത് മീറ്റിങ്ങിൽ പെരുമ്പാവൂരിൽ 100 ബെഡ് നിർമ്മിക്കുന്നതിന് അംഗീകാരം

ലഭിക്കുകയും ടി ആശുപത്രി നിർമ്മിക്കുന്നതിലേക്കായി 5 ഏക്കർ സ്ഥലം കണ്ടെത്തി നൽകുവാൻ ESIC റീജിയണൽ ഡയറക്ടറോടും തുടർന്ന് സംസ്ഥാന സർക്കാരിനോടും ഇ.എസ്.ഐ. കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. യഥാസമയം ടി ആശുപത്രിക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി നൽകാൻ കഴിയാത്തതിനാൽ കേരളത്തിലെ പെരുമ്പാവൂർ ഇ.എസ്.ഐ. ആശുപത്രികളുടെ തത്വത്തിലുള്ള അംഗീകാരം ഇ.എസ്.ഐ. കോർപ്പറേഷൻ പിൻവലിക്കുകയാണുണ്ടായത്.

അതിഥിത്തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള പ്രദേശമായതിനാൽ പെരുമ്പാവൂരിൽ ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നത് പെരുമ്പാവൂർ പ്രദേശത്തെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്കും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെട്ട അതിഥിത്തൊഴിലാളികൾക്കും ഏറെ പ്രയോജനകരമാകും. പുതുതായി ഇ.എസ്.ഐ. ആശുപത്രികൾ അനുവദിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ പ്രിൻസിപ്പൽ അപ്രൂവൽ ആവശ്യമാണ്. പുതിയ ഇ. എസ്. ഐ. ആശുപത്രി/ഡിസ്പെൻസറികൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതും കെട്ടിടം നിർമ്മിക്കുന്നതും

ഇ.എസ്.ഐ. കോർപ്പറേഷനാണ്. അതിനാൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരത്തോടുകൂടി മാത്രമേ പെരുമ്പാവൂരിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് കഴിയുകയുള്ളൂ. പെരുമ്പാവൂരിൽ പുതിയ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമായ ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായും, ഇ.എസ്.ഐ. കോർപ്പറേഷനുമായും ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

19. <u>എസ്.എം.എ. രോഗബാധിതരായ കുട്ടികൾക്ക് ചികിത്സയും തുടർ പരിചരണവും ഉറപ്പാക്കൽ സംബന്ധിച്ച് ശ്രീ. പി. കെ. ഫിറോസ് എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ മറുപടി</u>

സ്പൈനൽ മസ്കുലാർ അട്രോഫി (SMA) എന്ന അപൂർവ ജനിതക രോഗം ബാധിച്ച കുട്ടികൾക്ക് സമയബന്ധിതമായ ചികിത്സയും ജീവൻരക്ഷാ മരുന്നുകളും ഉറപ്പാക്കുന്നതിനായി കേരള സർക്കാർ KARE പദ്ധതിയിലൂടെ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം എസ്.എ.ടി.

ആശുപത്രിയിലെ എസ്.എം.എ. ക്ലിനിക്കിലൂടെ മരുന്നും അനുബന്ധ ചികിത്സകളും ലഭ്യമാക്കുന്നുണ്ട്.

നേരത്തേ ഒരു കുപ്പിക്ക് ഏകദേശം 5.5 ലക്ഷം രൂപ വിലയുണ്ടായിരുന്ന റിസ്ഡിപ്ലാം മരുന്നിന് പകരമായി നാറ്റ്കോ ഫാർമയുടെ ഇന്ത്യൻ നിർമ്മിത ജനറിക് മരുന്നായ നാറ്റ്സ്മാർട്ട് 2026 ഒക്ടോബർ 19 മുതൽ ലഭ്യമാക്കിത്തുടങ്ങി. ഒരു കുപ്പിക്ക് ഏകദേശം 11,000 രൂപ മാത്രമാണ് വില. ഇതിലൂടെ ചികിത്സാച്ചെലവ് ഗണ്യമായി കുറയ്ക്കാനും കൂടുതൽ കുട്ടികൾക്ക് മരുന്ന് ലഭ്യമാക്കാനും സാധിക്കും. മരുന്നിന്റെ തുടർച്ചയായ ലഭ്യത ഉറപ്പാക്കാൻ 2159 കുപ്പികൾ സംഭരിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.

മരുന്നിനുപുറമേ ഫിസിയോതെറാപ്പി, റെസ്പിറേറ്ററി തെറാപ്പി, ശ്വസനസഹായ ഉപകരണങ്ങൾ, പുനരധിവാസം, ആവശ്യമായ ശസ്ത്രക്രിയകൾ എന്നിവയും സർക്കാർ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നുണ്ട്. നിലവിൽ 12 വയസ്സുവരെയുള്ള അർഹരായവർക്കാണ് KARE പദ്ധതിയിലൂടെ സൗജന്യ മരുന്ന് നൽകിവരുന്നത്. എന്നാൽ, അർഹരായ

മുഴുവൻ പേർക്കും ഈ മരുന്ന് ജീവിതകാലം മുഴുവൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

അരുൺ-ശാൽമി ദമ്പതികളുടെ ഡേവിഡ് മോസസ് അരുൺ, ഏതൻ മോസസ് അരുൺ എന്നീ കുട്ടികൾ 2026 ഒക്ടോബർ 6-ന് എസ്.എ.ടി. ആശുപത്രിയിലെ എസ്.എം.എ. ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് ടൈപ്പ് 2 എസ്.എം.എ. രോഗമായതിനാൽ സൗജന്യ റിസ്ഡിപ്ലാം ചികിത്സയ്ക്ക് അർഹതയുണ്ട്. സംസ്ഥാനതല സാങ്കേതിക സമിതിയുടെ അനുമതിയോടെ ചികിത്സ ഉറപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. നേരത്തേ ചികിത്സിച്ചിരുന്ന ഡോക്ടറുടെ നിർദേശപ്രകാരം നാറ്റ്സ്മാർട്ട് മരുന്ന് ഇവർക്ക് നൽകിത്തുടങ്ങിയിട്ടുണ്ട്. മൂന്നാമത്തെ കുട്ടിയായ ഒളിവറിന്റെ രോഗപരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് അർഹത ഉറപ്പാക്കി KARE പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ മരുന്നും ചികിത്സയും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കും.

രോഗബാധിതരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ ചികിത്സയും സാമ്പത്തികവും മാനസികവുമായ പിന്തുണയും

ഉറപ്പാക്കുന്നതിന് സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് കൂടുതൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതും സർക്കാർ പരിഗണിക്കും. ചികിത്സ മുടങ്ങാതിരിക്കുക, മരുന്ന് തുടർച്ചയായി ലഭ്യമാക്കുക. കുടുംബങ്ങളുടെ സാമ്പത്തികഭാരം കുറയ്ക്കുക എന്നിവയാണ് സർക്കാരിന്റെ ഉറച്ച നിലപാട്.

20. കാലാവധി കഴിഞ്ഞ മരുന്ന് രോഗികൾക്ക് നൽകിയതിലെ ആശങ്ക സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ മറുപടി

നിപ, കോവിഡ് പോലുള്ള അസുഖങ്ങൾക്ക് നൽകി വരുന്ന മരുന്നാണ് Remdesivir. അടിയന്തര സാഹചര്യം നേരിടുന്നതിന്റെ ഭാഗമായി രോഗികളുടെ ചികിത്സയ്ക്കും ജീവൻരക്ഷാ ആവശ്യങ്ങൾക്കുമായി Remdesivir മരുന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന മാത്രമേ ആരോഗ്യ സ്ഥാപനങ്ങളിൽ വിതരണം ചെയ്തിരുന്നുള്ളൂ.

അവസാനമായി 03-06-2021-ലാണ് KMSCL കാരുണ്യവഴി Remdesivir വാങ്ങിയത്. ഈ 3000 വയലിന്റെ ആകെ വില 42 ലക്ഷം

രൂപയാണ്. ഇപ്രകാരം വാങ്ങി വിതരണം ചെയ്ത Remdesivir മരുന്നിന്റെ എക്സ്പയറി ഡേറ്റ് 30-05-2023 ആയിരുന്നു.

Remdesivir അവശ്യമരുന്ന് വിഭാഗത്തിൽപ്പെട്ട നോ ബിഡർ ഇനമായതിനാൽ കാരുണ്യവഴി മാത്രമേ വാങ്ങിയിട്ടുള്ളൂ. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം Remdesivir മരുന്ന് 2023-24 സാമ്പത്തിക വർഷം 102 വയലും 2024-25 സാമ്പത്തിക വർഷം 34 വയലും 2025-26 സാമ്പത്തിക വർഷം 10 വയലും 2026-27 വർഷം 50 വയലും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ, 2026-27 സാമ്പത്തിക വർഷം ഉപയോഗിച്ച 50 വയൽ മരുന്ന് 2026 ജൂൺ 12-ന് ബെഹറിനിൽ നിന്ന് വരുത്തി നിപ രോഗിക്ക് നൽകിയതാണ്.

ഈ സാഹചര്യത്തിൽ, കോഴിക്കോട് മെഡിക്കൽ കോളേജിലെ രേഖകളനുസരിച്ച് 2023, 2024, 2025 വർഷങ്ങളിൽ രോഗികൾക്ക് നൽകിയ Remdesivir മരുന്ന് കാലാവധി കഴിഞ്ഞിരുന്നതാണെന്ന് സംശയിക്കുന്നു. ആയതിനാൽ, ഡി.എം.ഇ., ഡി.എച്ച്.എസ്. മുഖാന്തരം

*Annexure to Submission*

സമാനരീതിയിൽ Remdesivir മരുന്ന് നൽകിയിട്ടുള്ള മുഴുവൻ രോഗികളുടെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

2023-ൽ ആറ് നിപ കേസുകൾ റിപ്പോർട്ട് ചെയ്തതിൽ രണ്ടുപേരും 2024-ൽ രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തതിൽ രണ്ടുപേരും 2025-ൽ മൂന്ന് കേസുകൾ റിപ്പോർട്ട് ചെയ്തതിൽ രണ്ടുപേരും മരണപ്പെട്ടിരുന്നു. 2026-ൽ ഒരു കേസ് റിപ്പോർട്ട് ചെയ്തെങ്കിലും രോഗി സുഖം പ്രാപിക്കുകയുണ്ടായി.

കാലാവധി കഴിഞ്ഞ മരുന്ന് ഉപയോഗിച്ചതുകൊണ്ടാണോ നിപ ബാധിതരായ രോഗികൾ മരണപ്പെട്ടതെന്നും മരുന്ന് നൽകിയ മറ്റ് രോഗികൾക്ക് എന്തെങ്കിലും പാർശ്വഫലങ്ങളുണ്ടോയെന്നും പരിശോധിക്കുന്നതിന് ഇൻഫെക്ഷ്യസ് ഡിസീസ് മേധാവി ഡോ. അരവിന്ദിന്റെ നേതൃത്വത്തിൽ മെഡിക്കൽ ബോർഡ് രൂപീകരിച്ച് വിശദമായി അന്വേഷണം നടത്തുന്നതിന് നിർദേശം നൽകുന്നതാണ്.

21. <u>ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളും തസ്തികകളും അനുവദിക്കൽ സംബന്ധിച്ച് ശ്രീ. തോമസ് ഉണ്ണിയാടൻ എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ മറുപടി</u>

*Annexure to Submission*

ഇരിങ്ങാലക്കുട സർക്കാർ ആശുപത്രി 1897-ൽ സ്ഥാപിതമായതും 2012-ൽ ജനറൽ ആശുപത്രിയായി ഉയർത്തപ്പെട്ടതുമാണ്. ആർദ്രം മിഷന്റെ ഭാഗമായി താലൂക്കുതല ആശുപത്രിയായാണ് ഇതിനെ പരിഗണിച്ചിട്ടുള്ളത്. നിലവിൽ 216 കിടക്കകളുള്ള ഈ ആശുപത്രിയിൽ പ്രതിദിനം ഏകദേശം 1500 മുതൽ 2000 വരെ രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടിയെത്തുന്നുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നബാർഡ് ട്രാഞ്ച് XXVI-ൽ ഉൾപ്പെടുത്തി ആറ് നിലകളുള്ള പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒ.പി. വിഭാഗം, ലബോറട്ടറി, ഫാർമസി, വാർഡുകൾ, കാഷ്വാലിറ്റി, ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.സി.യു., പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് എന്നിവ ഇവിടെ പ്രവർത്തിച്ചുവരുന്നു. 12 മെഷീനുകളുള്ള ഡയാലിസിസ് യൂണിറ്റും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഓങ്കോളജി വിഭാഗവും ആശുപത്രിയുടെ പ്രധാന സവിശേഷതകളാണ്. മെഡിക്കൽ, സർജിക്കൽ, പോസ്റ്റ് ഓപ്പറേറ്റീവ്, എച്ച്.ഡി.യു.

വിഭാഗങ്ങൾക്കുപുറമേ മൂന്ന് ഓപ്പറേഷൻ തിയേറ്ററുകളും സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ഡിപ്പാർട്ട്മെന്റും (CSSD) ഇവിടെ സജ്ജമാണ്.

വിവിധ വിഭാഗങ്ങളിലായി പ്രതിമാസം നൂറിലധികം മേജർ ശസ്ത്രക്രിയകൾ നടത്തുന്ന ആശുപത്രിയിൽ, തൃശ്ശൂർ ജില്ലയിലെ മികച്ച ഓങ്കോളജി വിഭാഗങ്ങളിലൊന്നും പ്രവർത്തിക്കുന്നു. ലക്ഷ്യ (LaQshya), മുസ്കാൻ (MusQan) പദ്ധതികളിൽ ഉയർന്ന സ്കോറോടെ സർട്ടിഫിക്കേഷനുകൾ നേടാനും ആശുപത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ദേശീയ ഗുണനിലവാര ഉറപ്പുനിലവാര സർട്ടിഫിക്കേഷനായ NQAS നേടുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.

ആശുപത്രിയിൽ 181 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ, വർധിച്ചുവരുന്ന രോഗികളുടെ തിരക്ക് കണക്കിലെടുത്ത് HMC, KASP, NHM എന്നിവ മുഖേന നൂറിലധികം ജീവനക്കാരുടെ സേവനംകൂടി പ്രയോജനപ്പെടുത്തിയാണ് വിവിധ ചികിത്സാ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുന്നത്. കാഷ്വാലിറ്റി സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ നാല്

അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോ എന്നീ വിഭാഗങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

അടിസ്ഥാനസൗകര്യ വികസനം, ആധുനിക ചികിത്സാ സംവിധാനങ്ങൾ, ഗുണനിലവാര സർട്ടിഫിക്കേഷനുകൾ, ജീവനക്കാരുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ എന്നിവയിലൂടെ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ കൂടുതൽ മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ ആരോഗ്യസേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തുടർന്നുവരികയാണ്.

22. <u>നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കൽ സംബന്ധിച്ച് ശ്രീ. ടി. എം. ശശി എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനുപ് ജേക്കബ്) നൽകിയ മറുപടി</u>

*Annexure to Submission*

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2026-27 സീസണിൽ ആവശ്യമായ എണ്ണം പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ നിയമിച്ചുകൊണ്ട് 26-09-2026-ൽ സപ്ലൈകോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൃഷിഭവനുകളിൽനിന്നും പാടശേഖരസമിതികളിലെ കൊയ്ത്ത് 50 ശതമാനം പൂർത്തിയാകുന്നമുറയ്ക്ക് പാഡി മാർക്കറ്റിങ് ഓഫീസർമാർ മിൽ അലോട്ട്മെന്റ് നടത്തുകയും ചെയ്യുന്നു. പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഓഫീസർമാർ അറിയിക്കുന്നതിനനുസരിച്ചാണ് ഓരോ പഞ്ചായത്തുകളിലേക്കും ജീവനക്കാരെ നിയമിക്കുന്നത്. നിലവിൽ തേങ്കുറിശ്ശി പഞ്ചായത്തിൽ 2 പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കികൊണ്ട് 18-10-2026 മുതൽ പാഡി സ്ലിപ് വിതരണം ആരംഭിച്ചിട്ടുണ്ട്.

വണ്ടാഴി പഞ്ചായത്തിൽ 24-10-2026-ന് മിൽ അലോട്ട് ചെയ്യുകയും അന്ന് മുതൽ കർഷകർക്ക് സ്ലിപ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കർഷകർ നെല്ല് ചാക്കുകളിൽ നിറച്ചുവയ്ക്കാത്തതിനാൽ കൂടുതൽ സമിതികളിൽ സ്ലിപ് നൽകാനായിട്ടില്ല. ടി പഞ്ചായത്തിൽ കൃഷി ഓഫീസർ

ആവശ്യപ്പെടുന്ന പക്ഷം നെല്ല് സംഭരണത്തിനായി വരുംദിവസങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതാണ്.

2025-26 സീസണിൽ നെല്ല് സംഭരണ വിലയിനത്തിൽ 28-10-2026-ലെ കണക്കുകൾ പ്രകാരം ആകെ സംഭരിച്ച നെല്ലിന്റെ വില 1,768.07 കോടി രൂപയും കർഷകർക്ക് വിതരണം ചെയ്ത തുക 1,755.92 കോടി രൂപയുമാണ്. ഇതനുസരിച്ച് കർഷകർക്ക് നെല്ല് സംഭരണവിലയിനത്തിൽ ഇനി നൽകാനുള്ള കുടിശ്ശിക തുക 12.15 കോടി രൂപ ( പന്ത്രണ്ട് കോടി പതിനഞ്ച് ലക്ഷം രൂപ) മാത്രമാണ്.

പി.ആർ.എസ്. വായ്പയും കർഷകരുടെ താൽപര്യങ്ങളുടെ സംരക്ഷണവും പി.ആർ.എസ്. വായ്പാ പദ്ധതിയുടെ കീഴിലുള്ള തിരിച്ചടവും അനുബന്ധ സാമ്പത്തിക ക്രമീകരണങ്ങളും സപ്ലൈകോയും പദ്ധതിയിൽ പങ്കാളികളായ ബാങ്കുകളും തമ്മിൽ അംഗീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസൃതമായാണ് നടപ്പാക്കുന്നത്. കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം അവരുടെ സാധാരണ ബാങ്കിങ് ഇടപാടുകളെയോ സിബിൽ സ്കോറിനെയോ അനാവശ്യമായി

ബാധിക്കാത്ത വിധത്തിലാണ് പദ്ധതി മാർഗരേഖകൾ തയ്യാറാക്കിയിട്ടുള്ളത്. നിർദിഷ്ട നടപടിക്രമങ്ങൾ ശരിയായ രീതിയിൽ നടപ്പാക്കുന്നതിനും പി.ആർ.എസ്. വായ്പാ ഇടപാടുകൾ സുഗമമായി തീർപ്പാക്കുന്നതിനും സപ്ലൈകോയും പങ്കാളികളായ ബാങ്കുകളും പരസ്പര ഏകോപനത്തോടെ പ്രവർത്തിക്കുന്നു. കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ബാങ്ക് അക്കൗണ്ടുകളുടെ സാധാരണ പ്രവർത്തനം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

23. <u>നെല്ല് സംഭരണം സംബന്ധിച്ച് ശ്രീ. കെ. ബിനിമോൻ എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനുപ് ജേക്കബ്) നൽകിയ മറുപടി</u>

സംസ്ഥാനത്തെ നെൽക്കർഷകരിൽനിന്ന് നെല്ല് സമയബന്ധിതമായി സംഭരിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. മുൻ സർക്കാരിന്റെ കാലത്ത് ഔട്ട് ടേൺ റേഷ്യോ ഇനത്തിലുള്ള കുടിശ്ശിക ഉണ്ടായിരുന്നതിനാൽ നെല്ല് സംഭരണവുമായി

ബന്ധപ്പെട്ട് സപ്ലൈകോയുമായി കരാറിൽ ഏർപ്പെടാൻ മില്ലുകാർ തയ്യാറായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മില്ലുടമകളുമായി ചർച്ച നടത്തുകയും OTR കടിശ്ശിക, 13-10-2026-ലെ ജി.ഒ (കൈ) നം.18/2026/F&CS പ്രകാരം 63.37 കോടി രൂപ അനുവദിച്ച് നൽകിയതിനുശേഷം കരാറിലേർപ്പെടുവാൻ മില്ലുകാർ സന്നദ്ധത അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 05-10-2026-ലെ ജി.ഒ.(ആർ.റ്റി) നം. 259/2026/ഭ.പോ.വി.വാ പ്രകാരം 2026-27 സീസണിൽ നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി 38 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വൈക്കം താലൂക്കിലെ വെച്ചൂർ മോഡേൺ റൈസ് മിൽ സപ്ലൈകോയുമായി നെല്ല് സംഭരണ കരാറിൽ ഏർപ്പെട്ടിട്ടില്ല.

2026-27 ഒന്നാംവിള നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ 15-08-2026 മുതൽ 30-09-2026 വരെ സപ്ലൈകോ നെല്ല് സംഭരണ പോർട്ടൽവഴിയും അക്ഷയ കേന്ദ്രങ്ങൾ വഴിയും വിജയകരമായി പൂർത്തിയാക്കി. ഒന്നാംവിള നെല്ല് സംഭരണം പാലക്കാട്

ജില്ലയിൽ ഒക്ടോബർ ആദ്യ വാരവും കോട്ടയം ജില്ലയിൽ ഒക്ടോബർ 15 മുതലും ആലപ്പുഴ ജില്ലയിൽ 19-10-26 മുതലും ആരംഭിച്ചിരുന്നു. അപ്പർ കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ, പാഡി മാർക്കറ്റിങ് ഓഫീസർ/ പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സംവിധാനം മുഖേന കർഷക രജിസ്ട്രേഷൻ, ഗ്രൗണ്ട് ലെവൽ പരിശോധന, സംഭരണം എന്നിവ ഏകോപിപ്പിച്ച് വരുന്നു. കൊയ്ത്ത് ആരംഭിച്ച പ്രദേശങ്ങളിൽ കർഷകരിൽനിന്ന് നെല്ല് സമയബന്ധിതമായി സംഭരിക്കുന്നതിനുള്ള ഫീൽഡ് തല നടപടികൾ പുരോഗമിച്ചുവരുന്നു.

24. <u>കണ്ടനകം കെ.എസ്.ആർ.ടി.സി. കോംപ്ലക്സിൽ ബസ് ഓപ്പറേറ്റിങ് സെന്റർ അടഞ്ഞുകിടക്കുന്നത് സംബന്ധിച്ച് ശ്രീ. വി. എസ്. ജോയി എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ) നൽകിയ മറുപടി</u>

കോവിഡ് കാലത്ത് ബസ് സർവീസുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ തൃശ്ശൂർ - കോഴിക്കോട് സംസ്ഥാന പാതയോരത്ത് എടപ്പാൾ - കണ്ടനകത്ത് പ്രവർത്തിച്ചിരുന്ന സ്റ്റേഷൻമാസ്റ്റർ ഓഫീസിന്റെ പ്രവർത്തനം നിന്നുപോവുകയാണുണ്ടായത്. കോവിഡ് കാലത്തിനുശേഷം

സർവീസുകൾ ക്രമാനുഗതമായി പുനഃരാരംഭിച്ചുവെങ്കിലും ടി സ്ഥലത്ത് നിന്നുമുള്ള ബസ് സർവീസുകളുടെ സമയം സംബന്ധിച്ച അന്വേഷണങ്ങളും യാത്രക്കാരുടെ എണ്ണവും കുറവായ സാഹചര്യത്തിൽ യാത്രക്കാർക്ക് പ്രയോജനപ്രദമല്ലാത്തതിനാലാണ് തുടർന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്തത്. തൃശ്ശൂർ-കോഴിക്കോട് എൻ.എച്ച്. വഴി കെ.എസ്.ആർ.ടി.സി. നടത്തുന്ന എല്ലാ സർവീസുകൾക്കും ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തിയിട്ടുള്ളതും ബസുകൾ ഓരോ ഡെസ്റ്റിനേഷനുകളിൽ എത്തുന്ന കൃത്യമായ സമയക്രമം മനസ്സിലാക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമായി ബസ് ട്രാക്കിങ് സംവിധാനവും നിലവിലുണ്ട്. അതിനാൽതന്നെ കണ്ടനകംവഴി കടന്നുപോകുന്ന സർവീസുകളെ ആശ്രയിക്കുന്നവർക്ക് ചലോ ആപ്പ് മുഖേന ടി സംവിധാനം ഉപയോഗപ്പെടുത്താവുന്നതുമാണ്. എന്നാൽ പ്രസ്തുത സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിലനിൽക്കുന്നത് വളരെ തിരക്കേറിയ തൃശ്ശൂർ-കോഴിക്കോട് റൂട്ടിലാണ്. ടി റോഡിൽ നിന്ന് ക്രോസ് ചെയ്ത് ബസ്സുകൾ അകത്തേയ്ക്ക് കയറുന്നതും പുറത്തേക്കിറങ്ങുന്നതും അപകട സാധ്യതയുള്ളതിനാൽ ഇത്

ഒഴിവാക്കുന്നതിന് ആവശ്യമായ ഗതാഗത ക്രമീകരണം ബന്ധപ്പെട്ട റോഡ് സേഫ്റ്റി അതോറിറ്റി ഒരുക്കേണ്ടതും ആവശ്യമാണ്. കൂടാതെ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം, കണ്ടനകത്ത് മുമ്പ് സ്റ്റേഷൻമാസ്റ്റർ ഓഫീസായി പ്രവർത്തിച്ചിരുന്ന കെട്ടിടവും യാർഡും അപ്രോച്ച് റോഡും മതിയായ രീതിയിൽ പുനരുദ്ധാരണം നടത്തി കൈമാറുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലത്ത് നിന്നുമുള്ള യാത്രാവശ്യവും അന്വേഷണങ്ങളും പരിശോധിച്ച് ജനോപകാരപ്രദമായ രീതിയിൽ എടപ്പാൾ - കണ്ടനകം സ്റ്റേഷൻമാസ്റ്റർ ഓഫീസ് പുനരാരംഭിക്കുവാൻ കഴിയുന്നതാണ്.

25. <u>ഇടുക്കി ജില്ലയിലെ ഏലം കർഷകർ നേരിടുന്ന ആശങ്ക സംബന്ധിച്ച് ശ്രീ. അപു ജോൺ ജോസഫ് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടി</u>

1961-ലെ Rules for Lease of Government Lands for Cardamom Cultivation ചട്ടങ്ങളെ അടിസ്ഥാനമാക്കി ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, ദേവികുളം, ഇടുക്കി, പീരുമേട് താലൂക്കുകളിലായി യഥാക്രമം 17, 04, 05, 05 എന്നിങ്ങനെ ആകെ 31 വില്ലേജുകളിലായി ആകെ 10770.11 ഹെക്ടർ ഏലത്തോട്ട ഭൂമിക്കാണ് കുമളിയിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ്

കാർഡമം സെറ്റിൽമെന്റ് ഓഫീസ് (ACSO) മുഖേന 20 വർഷ കാലാവധിയുള്ള പാട്ടം അനുവദിച്ചുവരുന്നത്. എന്നാൽ പാട്ടക്കേസ്സുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലും പാട്ടം, പ്രീമിയം എന്നിവ യഥാസമയം പിരിച്ചെടുക്കുന്നതിലും വീഴ്ചകളുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത്തരം വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് കമ്മീഷണർ (LA)-യുടെ നേതൃത്വത്തിലുള്ള സംഘം പ്രസ്തുത ഓഫീസിൽ പരിശോധന നടത്തി സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുകയും പാട്ടം, പ്രീമിയം എന്നിവയുടെ നിരക്കുകൾ വർധിപ്പിക്കുന്നതടക്കമുള്ള സമഗ്രമായ ശിപാർശകളും ചട്ട ഭേദഗതി ശിപാർശകളും സമർപ്പിച്ചിട്ടുണ്ട്. പാട്ടം അനുവദിക്കുന്നത് സുതാര്യമാക്കുക, കാലഹരണപ്പെട്ട ചട്ടവ്യവസ്ഥകൾ പരിഷ്കരിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ശിപാർശകൾ പരിശോധിക്കുന്നത്.

നിലവിൽ പരമാവധി പാട്ടക്കാലാവധി 20 വർഷമാണ് എന്നതുകൊണ്ടുതന്നെ സർക്കാർ ഏലത്തോട്ട-പാട്ടഭൂമികളുടെ അനധികൃത കൈമാറ്റം വ്യാപകമാണെന്ന് അന്വേഷണ റിപ്പോർട്ടിൽ

വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിന് അറുതിവരുത്തുന്നതിനായി സർക്കാർ ഭൂമി സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തിലാണ് പാട്ടക്കാലാവധി 5 വർഷമായി നിജപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്. പാട്ടക്കാലാവധിക്കുശേഷം പാട്ടം പുതുക്കി കിട്ടുന്നതിനായി പാട്ടക്കാരന് അപേക്ഷിക്കാമെന്നതിനാൽ യഥാർഥ കർഷകന് പാട്ടക്കാലാവധി കുറയ്ക്കുന്നത് ആശങ്കയുണ്ടാക്കുന്ന വിഷയമല്ലെന്ന് കാണാവുന്നതാണ്

05-03-1994-ലെ G.O.(Ms)No.69/94/RD എന്ന ഉത്തരവ് [ANNEXURE-2] മുഖേന പരിഷ്കരിച്ച പ്രീമിയം, പാട്ടം നിരക്കുകളാണ് 32 വർഷങ്ങൾക്കിപ്പുറവും പ്രാബല്യത്തിലുള്ളത്. സർക്കാരിന് പ്രീമിയമായും വാർഷിക പാട്ടമായും ഇപ്പോഴും നാമമാത്രമായ തുകകളാണ് ലഭിക്കുന്നത്. നിലവിൽ പ്രാബല്യത്തിലുള്ള പ്രീമിയം നിരക്ക് ഹെക്ടർ ഒന്നിന് 20 വർഷത്തേക്ക് 5000 രൂപ മാത്രമാണ്. അതായത്, ഒരു വർഷത്തേക്ക് ഹെക്ടർ ഒന്നിന് പ്രീമിയമായി സർക്കാരിന് ലഭിക്കുന്നത് വെറും 250 രൂപ മാത്രമാണ്. ഇത് ഏക്കറിലേക്ക് കണക്കാക്കുമ്പോൾ ഒരു വർഷത്തേക്ക്

ഏക്കർ ഒന്നിന് 100 രൂപയാണെന്ന് കാണാം. അതുകൊണ്ടാണ് കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലുള്ള ശിപാർശകൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ ചർച്ചകൾ നടത്തിയായിരിക്കും നടപ്പാക്കുന്നത്.

26. റാന്നി മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പട്ടയം അനുവദിക്കൽ സംബന്ധിച്ച് ശ്രീ. പഴകുളം മധു എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടി

റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശം വച്ച് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്ന കർഷകർ ഉൾപ്പെടെയുള്ള ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്ന വിഷയം സർക്കാർ വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്. പട്ടയ വിഷയങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഹാരം കാണുന്നതിനായി റാന്നി നിയോജകമണ്ഡലത്തിലെ ചുവടെ പറയുന്ന പട്ടയ വിഷയങ്ങൾ സജീവ പരിഗണനയിലാണ്.

*Annexure to Submission*

1. <u>എക്സ് സർവീസ് മെൻ കോളനി</u>

തിരുവിതാംകൂർ-കൊച്ചി സർക്കാരിന്റെ 1953-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, റാന്നി എക്സ്റ്റൻഷൻ റിസർവിൽനിന്നും കൈമാറിയ 1502.5 ഏക്കർ വനഭൂമിയിൽനിന്നും 4 ഏക്കർ വീതം വിമുക്ത ഭടന്മാരുടെ 300 കുടുംബങ്ങൾക്ക് ആകെ 1200 ഏക്കർ സ്ഥലം റാന്നി കോളനൈസേഷൻ സ്കീം പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 300 ഏക്കർ ഭൂമിക്ക് പട്ടയം അനുവദിക്കുന്ന കാര്യത്തിലാണ് നടപടി സ്വീകരിക്കാനുള്ളത്. പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സർവേ ടീം സ്ഥലപരിശോധന നടത്തി 480 കൈവശങ്ങൾ തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. ടി കൈവശങ്ങളുടെ വിസ്തീർണ്ണം 189.76 ഏക്കർ ഉള്ളതും, 1500 ഏക്കർ സ്ഥലത്തിൽ വിവിധ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതും, പ്രസ്തുത 300 ഏക്കർ ഭൂമിയുടെ സ്ഥാന നിർണ്ണയം കൃത്യമായ നിർവഹിച്ചിട്ടില്ലാത്തതുമാണ്. കൂടുതൽ ഭൂമി കൈവശമുള്ളവരും, നിലവിൽ മറ്റ് പട്ടയ സ്ഥലങ്ങൾ കൈവശമുള്ളവരുമുൾപ്പെടെ വിവിധ തരക്കാരായ ആൾക്കാർ ടി സ്ഥലത്ത്

താമസിച്ചുവരുന്നു. കൊല്ലമുള വില്ലേജിലെ എക്സ് സർവീസ് മെൻ കോളനിയിലെ സർവേ നമ്പർ 780/1-2 കൈവശ ഭൂമിയുടെ ബി.റ്റി.ആർ. ലഭ്യമല്ല. ടി സ്കീം പ്രകാരം വിമുക്ത ഭടന്മാർക്കായി അനുവദിച്ച 1500 ഏക്കറിൽ 1200 ഏക്കർ സ്ഥലം കുറച്ച്, ബാക്കി 300 ഏക്കർ സ്ഥലം പൊതുവായ ആവശ്യങ്ങൾക്കായി നിലനിർത്തണമെന്നും, അതിൽ ഫാം ആവശ്യത്തിനായി 70 ഏക്കറും കോളനി നിവാസികളുടെ വിറക് മുതലായ ആവശ്യങ്ങൾക്കായി വനമായും നിലനിർത്തണമെന്നും രേഖപ്പെടുത്തിയിട്ടുള്ളതിനാൽ, നിലവിലെ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിനായി വിതരണം ചെയ്യേണ്ട സ്ഥലങ്ങൾ പ്രസ്തുത സൊസൈറ്റിയിൽ നിന്നും തിരിച്ചെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

2. <u>വലിയപതാൽ</u>

റാന്നി താലൂക്കിൽ ചേത്തക്കൽ വില്ലേജിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹിന്ദുമലവേട സമുദായക്കാരായ 38 കുടുംബങ്ങൾക്ക് 2 ഏക്കർ വീതം ആകെ 76 ഏക്കർ ഭൂമി അനുവദിച്ച പ്രദേശമാണ് വലിയപതാൽ ഗിരിവർഗ്ഗ കോളനി. നിലവിൽ പ്രസ്തുത ഭൂമിയിൽ 298

കൈവശക്കാരുള്ളതിൽ 56 കുടുംബങ്ങൾ പട്ടിക വർഗ വിഭാഗത്തിലുൾപ്പെടുന്നവരാണ്. അതിൽ 7 കുടുംബങ്ങൾ അന്യജില്ലകളിൽ താമസിക്കുന്നവരാണ്. 49 പേർ ടി സ്ഥലത്ത് താമസിച്ച് വരുന്നു. ടി സ്ഥലം സെറ്റിൽമെന്റ് രജിസ്റ്ററിൽ റീസർവ്വെ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചേത്തക്കൽ വില്ലേജിൽ ഡിജിറ്റൽ സർവേ നടത്തി 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act, 1999-ലെ സെക്ഷൻ പ്രകാരം 01-01-1960-നും 24-01-1986-നും ഇടയിൽ നടന്ന 2 ഹെക്ടർ വരെയുള്ള ഭൂമി കൈമാറ്റങ്ങൾ സാധുവാണെന്ന് കാണുന്നു. ചേത്തക്കൽ വില്ലേജിൽ വലിയപതാൽ പ്രദേശത്തെ 76 ഏക്കർ സ്ഥലം മലവേടർ വിഭാഗക്കാർക്ക് അനുവദിച്ച ഭൂമി ആയതിനാൽ മറ്റിതര സമുദായത്തിൽപ്പെട്ട നിലയിലെ കൈവശക്കാർക്കും, ഹിന്ദു-മലവേടർ വിഭാഗക്കാരല്ലാത്ത ആദിവാസി കുടുംബങ്ങൾക്കും പട്ടയം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

3. <u>പെരുമ്പെട്ടി പട്ടയം</u>

*Annexure to Submission*

മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ മുൻ സർവേ 283/1-ൽപ്പെട്ട (റീസർവേ 174 മുതൽ 211 വരെ) ഭൂമിയിലെ കൈവശക്കാർക്കാണ് പട്ടയം അനുവദിക്കേണ്ടത്. ബി.റ്റി.ആർ., പുറമ്പോക്ക് രജിസ്റ്ററുകളിൽ ഈ ഭൂമി 'പുറമ്പോക്ക്' എന്നും റിമാർക്ക് കോളത്തിൽ 'RF' എന്നുമാണ് രേഖപ്പെടുത്തിയിരുന്നത്. റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി നടത്തിയ ഡിജിറ്റൽ സർവേയിൽ പെരുമ്പെട്ടി, ചേത്തക്കൽ, അങ്ങാടി വില്ലേജുകളിലായി ആകെ 764.5963 ഹെക്ടർ (1889.3586 ഏക്കർ) വനഭൂമി അളന്ന് തിട്ടപ്പെടുത്തിയിരുന്നു. 30-05-2025-ലെ സ.ഉ.(കൈ) നം.149/2025/RD പ്രകാരം, ജണ്ടയ്ക്ക് പുറത്തുള്ള 747 കൈവശ ഭൂമികളുടെ റെക്കോർഡുകളിൽ 'RF' എന്ന് തെറ്റായി രേഖപ്പെടുത്തിയത് ഒഴിവാക്കാനും, ഡിജിറ്റൽ സർവേ പൂർത്തിയാക്കാനും അനുമതി നൽകിയിരുന്നു.

തുടർന്ന്, പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ ബ്ലോക്ക് 34-ൽ റീസർവേ 174 മുതൽ 192 വരെയും, റീസർവേ 194 മുതൽ 211 വരെയുമുള്ള ഭൂമി വനഭൂമിയല്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ട്, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം കൈവശക്കാർക്ക് ഭൂമി

പതിച്ചുനൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് 07-03-2026-ലെ സ.ഉ.(കൈ) നം.115/2026/ആർ.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പ്രസ്തുത ഭൂമി വനഭൂമിയാണെന്ന അവകാശവാദമുന്നയിച്ചുകൊണ്ട് വനം വകുപ്പ് എതിർപ്പ് അറിയിച്ചിട്ടുള്ളതും, പട്ടയ നടപടികൾ തടസ്സപ്പെട്ടിട്ടുള്ളതുമാണ്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

4. തെക്കേത്തൊടി

റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിൽ തെക്കേത്തൊടി പ്രദേശത്ത് സർവേ നമ്പർ 781/1-ൽ ഉൾപ്പെട്ട ഭൂമിയിൽ കുടിയേറി താമസിക്കുന്ന നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതാണ് വിഷയം. തെക്കേത്തൊടി പ്രദേശത്തെ സർവേ 781/1-ൽപ്പെട്ട 32 ഹെക്ടർ സ്ഥലത്തെ നിവാസികളായ 117-ഓളം പേർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട WP(C) 27193/17 ഹർജിയിൽ പട്ടയം അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സംയുക്ത പരിശോധന നടത്തി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന്

ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന (Joint Verification) തെക്കേത്തൊടി പ്രദേശത്ത് പൂർത്തിയാക്കിയിരുന്നതാണ്. ഇതനുസരിച്ച് 209 വ്യക്തികളുടെ കൈവശത്തിലുള്ള 218 ഹോൾഡിങ്ങുകളിലായി ആകെ 1895.61 ആർസ് (Ares) ഭൂമിയിലാണ് ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ നടത്തി തിട്ടപ്പെടുത്തിയിട്ടുള്ളത്. 19-11-2025 മുതൽ 18-12-2025 വരെ ഭൂമി സംയുക്ത പരിശോധന നടത്തുകയും കോടതി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ അത് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണെന്നും വനഭൂമി കൈവശം വച്ചിരിക്കുന്ന താമസക്കാരിൽ ആരും തന്നെ 01-01-1977-ന് മുമ്പ് അവിടെ താമസം തുടങ്ങിയതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല എന്നും തെളിവുകളില്ലാത്തതിനാൽ വനഭൂമി വിട്ടുനൽകുന്നതിനും പട്ടയം നൽകുന്നതിനും അത്യാന്താപേക്ഷിതമായ അപ്പെൻഡിക്സ്-1' (Appendix-1) ഫോമിലെ വിവരങ്ങൾ പൂരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൈവശക്കാരുടെ രേഖകൾ ലഭിച്ചാൽ മാത്രമേ അപ്പൻഡിക്സ്-1

പൂർത്തിയാക്കി, കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടൽ (Parivesh Portal) വഴി വനഭൂമി വിട്ടുനൽകുന്നതിനുള്ള കേന്ദ്ര അനുമതിക്കായി അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ.

<u>സെറ്റിൽമെന്റ് രജിസ്റ്ററിൽ 'വനം' എന്ന് രേഖപ്പെടുത്തിയ മറ്റു പ്രദേശങ്ങൾ</u>

കൊല്ലമുള, അത്തിക്കയം, വടശ്ശേരിക്കര, പെരുനാട് വില്ലേജുകളിലെ വിവിധ സർവ്വേ നമ്പറുകളിൽ (പരുവ-കൊല്ലമുള, അരയാഞ്ഞിലിമൺ, മണ്ണടിശാല, അട്ടത്തോട്, കടുമീൻചിറ, ഒളിക്കല്ല്, കുരുമ്പൻമൂഴി, കക്കുടുക്ക, കുടമുരുട്ടി, തുടങ്ങിയവ) സെറ്റിൽമെന്റ് രജിസ്റ്ററിൽ ഇനം 'പുറമ്പോക്ക്' എന്നും റിമാർക്കിൽ 'വനം' എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ പട്ടയം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

27. <u>പട്ടയം അനുവദിക്കുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ പുനരാരംഭിക്കൽ സംബന്ധിച്ച് ശ്രീ. ഷിബു തെക്കുംപുറം എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടി</u>

*Annexure to Submission*

01-01-1997-ന് മുമ്പുള്ള വനഭൂമി കൂടിയേറ്റങ്ങളിൽ അർഹത പരിശോധിച്ച് അത്തരം ഭൂമികൾ സംബന്ധമായി 1980-ലെ Van (Sanrakshan Evam Samvardhan) Adhiniyam പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്കാണ് കൂടിയേറ്റക്കാരുടെ പേരിൽ പട്ടയം അനുവദിക്കുന്നത്. കേന്ദ്രാനുമതിക്കായി PARIVESH പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള ആദ്യപടിയായി നടത്തുന്ന റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള അവസാന തീയതി 22-07-2025-ലെ GO (Rt) No. 1755/25/RD പ്രകാരം 30-12-2025 വരെയായി ദീർഘിപ്പിക്കുകയുണ്ടായി [ANNEXURE-1]. പ്രസ്തുത ദീർഘിപ്പിച്ച കാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ സംയുക്ത പരിശോധനാ നടപടികൾ ഇപ്പോൾ നടക്കുന്നില്ല.

എന്നാൽ, സംയുക്ത പരിശോധന ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ട് എന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് സംയുക്ത പരിശോധനാ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന ശിപാർശ പരിഗണനയിലാണ്.

സംയുക്തപരിശോധന പൂർത്തിയാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ അത്തരം നടപടികൾ പൂർത്തിയാക്കിക്കൊണ്ട് കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നതാണ്.

28. ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകത സംബന്ധിച്ച് ശ്രീ. അബിൻ വർക്കി കോടിയാട്ട് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടി

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിലെ മെഴുവേലി, കുളനട വില്ലേജുകളിലെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിലേക്കായി സംഘടിപ്പിച്ച അദാലത്തിൽ മെഴുവേലി വില്ലേജിൽ 383 അപേക്ഷകളും, കുളനട വില്ലേജിൽ 107 അപേക്ഷകളും ഉൾപ്പെടെ ആകെ 490 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ അടിയന്തരപ്രാധാന്യത്തോടെ തീർപ്പാക്കുന്നതിലേക്ക് കോഴഞ്ചേരി തഹസിൽദാർ ഏതാനും ഉദ്യോഗസ്ഥരെ ടി ജോലിക്കായി പ്രത്യേകം

നിയോഗിച്ചിരുന്നതും, അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ 27-07-2026-ൽ കുളനട വില്ലേജിൽ ബ്ലോക്ക് 4, 5, 6, 7 എന്നിവയിൽപ്പെട്ട ഏകദേശം 1500 ഓളം സർവേ നമ്പരിൽപ്പെട്ട ഭൂമിയുടെ ന്യായവില പരിഷ്കരിക്കുന്നതിനായി ശിപാർശ ലഭ്യമാക്കിയിരുന്നെങ്കിലും, കൂടുതൽ അന്വേഷിച്ചതിൽ ടി കേസുകളിൽ എല്ലാംതന്നെ അപേക്ഷകളോ മതിയായ സ്ഥലപരിശോധനയോ നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ശിപാർശ അംഗീകരിച്ചിട്ടില്ലാത്തതും അപേക്ഷകൾ ലഭ്യമായ കേസുകളിൽ മതിയായ റിക്കാർഡുകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതുമാണ്.

കുളനട വില്ലേജിലെ 4000-ത്തിൽപ്പരം സർവേ നമ്പരുകളിൽ ഈ അപാകത ഉള്ളതായും മെഴുവേലി വില്ലേജിൽ 3500 അപേക്ഷകളും കുളനട വില്ലേജിൽ 920 അപേക്ഷകളും ഉൾപ്പെടെ ആകെ 4420 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവ സമയപരിധിക്കുള്ളിൽ തീർപ്പാക്കാൻ സാധിക്കാത്തതിനാൽ ടി വില്ലേജുകളിലെ ഭൂമിയുടെ നിലവിലെ സ്ഥിതി

അനുസരിച്ച് സ്ഥലപരിശോധനയും മാർക്കറ്റ് വാല്യൂവും പരിഗണിച്ച് വിലനിർണ്ണയിച്ച് പുതുതായി ഗസറ്റ് വിജ്ഞാപനം നടത്തി മുൻ വിജ്ഞാപനം റദ്ദ് ചെയ്യുകയോ നിലവിൽ അപാകത പരിഹരിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ബാക്കി എല്ലാ സർവേ നമ്പരുകളിലുംപെട്ട ഭൂമിയുടെ സ്ഥലപരിശോധന നടത്തി വിലനിർണ്ണയം നടത്തി പുതിയ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

05-10-2026-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ ഡെപ്യൂട്ടി കളക്ടർമാരുടേയും ആർ.ഡി.ഒ.-യുടെയും സബ് കളക്ടർമാരുടെയും ഒരു യോഗം കൂടിയിരുന്നതും ആയതിൽ ഈ വിഷയം ചർച്ച ചെയ്യുകയും മതിയായ കാരണങ്ങളില്ലാതെ മുൻ ഗസറ്റ് വിജ്ഞാപനം റദ്ദ് ചെയ്യാൻ സാധിക്കുകയില്ലാത്തതിനാൽ ആദ്യഘട്ടമായി ലഭിച്ച 490 അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി റിക്കാർഡുകൾ തയ്യാറാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതാണ്.

*Annexure to Submission*

താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. ന്യായവില അപാകത പരിഹരിക്കുന്നതിലേക്ക് മെഴുവേലി, കുളനട വില്ലേജുകളിൽ ആദ്യഘട്ടമായി ലഭിച്ച 490 അപേക്ഷകളിൽ അടിയന്തിരമായി സ്ഥലപരിശോധന പൂർത്തിയാക്കി റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിന് റവന്യു ഡിവിഷണൽ ഓഫീസർ, അടൂരിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി റിപ്പോർട്ടുകൾ ലഭിക്കുന്നമുറയ്ക്ക് നിയമാനുസൃതം അടിയന്തിര നടപടി സ്വീകരിച്ച് ടി അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതാണ്.

2. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് അറിവ് ലഭിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ച് പത്രക്കുറിപ്പ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുള്ളതാണ്.

3. ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം പരിഗണിച്ച് തുടർനടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

*Annexure to Submission*

29. ഗുരുവായൂർ മണ്ഡലത്തിലെ തീരദേശ ഹൈവേയ്ക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയും പദ്ധതി പൂർത്തീകരണവും വേഗത്തിലാക്കൽ സംബന്ധിച്ച് ശ്രീ. എൻ. കെ അക്ബർ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടി

തൃശ്ശൂർ ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണത്തിനായി കൊടുങ്ങല്ലൂർ താലൂക്കിലെ എട്ട് വില്ലേജുകളിലെയും ചാവക്കാട് താലൂക്കിലെ ഒൻപത് വില്ലേജുകളിലേയും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ പെരുമ്പടപ്പ് വില്ലേജിലെയും 101.38 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. തൃശ്ശൂർ ജില്ലയിലെ തീരദേശ ഹൈവേ 61 കിലോമീറ്റർ നീളം വരുന്നതാണ്. തൃശ്ശൂർ ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ട 18 വില്ലേജുകളെയും റീച്ച് 1 (അഴീക്കോട് ബ്രിഡ്ജ് - വലപ്പാട്), റീച്ച് 2 (വലപ്പാട് - കാപ്പിരിക്കാട്) എന്നിങ്ങനെ രണ്ടായി തിരിച്ചാണ് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി നടത്തിവരുന്നത്. ആയതിന്റെ ഭാഗമായി 12-03-2024-ൽ 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിലുൾപ്പെട്ട അഴീക്കോട്, എറിയാട്, എടവിലങ്ങ്,

പടിഞ്ഞാറെ വെമ്പല്ലൂർ, കുളിമുട്ടം, പെരിഞ്ഞനം, കൈപ്പമംഗലം, ചെന്ത്രാപ്പിന്നി, ചാവക്കാട് താലൂക്കിൽപ്പെട്ട വലപ്പാട്, നാട്ടിക, തളിക്കുളം, വാടാനപ്പള്ളി, കടപ്പുറം, മണത്തല, എടക്കഴിയൂർ, കടിക്കാട്, പുന്നയൂർ, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽപ്പെട്ട പെരുമ്പടപ്പ് എന്നീ 18 വില്ലേജുകളിലും VEEKAY Consultancy സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിട്ടുള്ളതാണ്. മേൽ പരാമർശിച്ച 18 വില്ലേജുകളുടെയും 11(1) വിജ്ഞാപനം 31-12-2025-ൽ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഏകദേശം 3000-ൽ അധികം കൈവശങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു. 61 കിലോമീറ്റർ വരുന്ന പ്രദേശത്തെ കെട്ടിടങ്ങളുടെയും കാർഷിക വിളകളുടെയും മരങ്ങളുടെയും വിലനിർണ്ണയം നടത്തേണ്ടതുണ്ട്. സ്ഥലത്തിന്റെ വിലയും RR പാക്കേജും നിർണ്ണയിക്കേണ്ടതുണ്ട്. Data Collection, RR package, BVR Preparation സർവെ ജോലികൾക്കായി കൂടുതൽ ഉദ്യോഗസ്ഥരെ (സർവെയർ, Draftsman/പ്രത്യേക യൂണിറ്റ്)

നിയോഗിച്ച് മറ്റ് തടസ്സങ്ങളില്ലാതിരുന്നാൽ 2027 ഡിസംബർ 31-നകം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ഭരണപരമായ സൗകര്യവും പ്രവൃത്തിഭാരവും പരിഗണിച്ച് കൊടുങ്ങല്ലൂർ ചാവക്കാട് താലൂക്കുകളെ നാല് റീച്ചുകളായി വിഭജിക്കുകയും രണ്ട് പ്രത്യേക ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ രൂപീകരിച്ച് ഓരോ യൂണിറ്റിനും രണ്ട് റീച്ചുകൾ വീതം ചുമതലപ്പെടുത്തുകയും ചെയ്യുന്നത് അനിവാര്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട ചാവക്കാട് താലൂക്കിലെ ഗുരുവായൂർ ഉൾപ്പെട്ടുവരുന്ന കടിക്കാട്, കടപ്പുറം, പുന്നയൂർ വില്ലേജുകളിലെ അൺസർവെയ്ഡ് ലാൻഡുകൾ ഒഴികെയുള്ള സർവെ നമ്പറുകളിലെ സർവെ നടപടികൾ പൂർത്തിയാക്കി സ്കെച്ചുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ഘട്ടങ്ങളിലായി 1,00,00,000 (ഒരു കോടി) രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ അടവാക്കിയിട്ടുണ്ട്. അതിൽ 15,36,098 (പതിനഞ്ച് ലക്ഷത്തി

മുപ്പത്താറായിരത്തി തൊണ്ണൂറ്റി എട്ട്) രൂപയാണ് നിലവിൽ ബാക്കിയുള്ളത്. 50,00,000 (അമ്പത് ലക്ഷം) രൂപ അടവാക്കുന്നതിനായി 12-03-2026-ൽ അർഥനാധികാരിയായ കെ.ആർ.എഫ്.ബി.-ക്ക് കത്ത് നൽകിയിട്ടുണ്ട്.

30. <u>എസ്.എൻ. ജാങ്ഷൻ – പൂത്തോട്ട -പുത്തൻകാവ് റോഡ് വികസനത്തിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തൽ സംബന്ധിച്ച് ശ്രീ. ദീപക് ജോയ് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടി</u>

എറണാകുളം ജില്ലയിൽ നടമ, മണക്കുന്നം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 12.34 ഹെക്ടർ ഭൂമി എസ്.എൻ. ജങ്ഷൻ - പൂത്തോട്ട റോഡ് വികസനത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി 25-05-2020-ലെ സ.ഉ.(സാധാ)നം.1940/2020/റവ പ്രകാരം ഉത്തരവായിട്ടുള്ളതും 4(1) വിജ്ഞാപനം 11-03-2022-ലെ സ.ഉ(അച്ചടി)നം.92/2022/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 04-01-2023-ലെ സ.ഉ(കൈ)നം.1/2023/റവ പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടിക്ക് അനുമതി നൽകിയിട്ടുണ്ട്. അർഥനാധികാരിയായ KRFB സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കേണ്ട ഭൂമി 12.34 ഹെക്ടറിൽനിന്ന് 13.20 ഹെക്ടറായി

അധികരിച്ചിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. സർക്കാർ ഉത്തരവിലും 4(1) വിജ്ഞാപനത്തിലും സാമൂഹ്യ പ്രത്യാഘാത പഠനത്തിലും നിരവധി സർവെ നമ്പറുകൾ വിട്ടുപോയിട്ടുള്ളതായി കാണുന്നതിനാൽ വിട്ടുപോയ സർവെ നമ്പറുകൾ ഉൾപ്പെട്ട വിസ്തീർണ്ണം കൃത്യമായി കണ്ടെത്തി പ്രസ്തുത സർവെ നമ്പറുകളിൽ സാമൂഹ്യാഘാത പഠനം നടത്തി കുറ്റമറ്റരീതിയിൽ 11(1) വിജ്ഞാപന കരട് പുതുക്കി സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് കാണുന്നതിനാൽ, 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 10-05-2025 മുതൽ ആറ് മാസത്തെ കാലാവധി വീണ്ടും ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് 30-05-2025-ലെ G.O.(P)No.204/2025/RD പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 10-05-2025 മുതൽ ആറ് മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

തുടർന്ന്, എറണാകുളം ജില്ലയിൽ നടമ, നടമ-തെക്കുംഭാഗം, മണക്കുന്നം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 7.983 ഹെക്ടർ ഭൂമി എസ്.എൻ. ജങ്ഷൻ പൂത്തോട്ട റോഡ് വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11(1)

വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ആകെ ഏറ്റെടുക്കേണ്ട 13.20 ഹെക്ടർ ഭൂമിയിൽശേഷിക്കുന്ന 5.2164 ഹെക്ടർ ഭൂമിക്ക് (200 ആർസിൽ അധികരിച്ച് വരുന്നതിനാൽ) സാമൂഹ്യാഘാത പഠനം നടത്തുന്നതിന്, ആദ്യഘട്ടം പഠനം നടത്തിയ ഏജൻസിയായ Rajagiri Outreach, Kalamassery, Ernakulam എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 11-03-2022-ന് (സ.ഉ.അച്ചടി)നം.92/2022/റവ വിജ്ഞാപനത്തിനുമേൽ Addendum 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി 2025-ൽ ഭാഗികമായി 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നതും അധികമായി ബസ് ബേ, ജങ്ഷൻ വികസനം എന്നിവ ഉൾപ്പെട്ട നടമ, മണക്കുന്നം വില്ലേജുകളിലെ സർവെ നമ്പരുകൾ ഉൾപ്പെട്ട പുതുക്കിയ അർഥനാപത്രം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 12-10-2026-ൽ 6(1) നോട്ടിഫിക്കേഷൻ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

അങ്കമാലി ഓഫീസിൽ SN ജങ്ഷൻ പൂത്തോട്ട റോഡ് നിർമ്മാണം കൂടാതെ കോസ്റ്റൽ ഹൈവേ, ആലുവ - മൂന്നാർ നാലുവരിപ്പാത വികസനം

മുതലായ നിരവധി ബൃഹത്പദ്ധതികൾക്കും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ചുമതലയുള്ള യൂണിറ്റാണ്. ആയതിനാൽ ടി ഓഫീസ് നിലവിലെ സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കുന്നത് ഉചിതമല്ലെന്ന് കാണുന്നു. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഹിയറിങ്ങുകൾ ആവശ്യമെങ്കിൽ തൃപ്പൂണിത്തുറയിലെ സമീപപ്രദേശത്ത് വച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

31. <u>ബദൽ സ്കൂളുകളിലെ അധ്യാപകരെയും ഹെൽപ്പർമാരെയും സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് ശ്രീ. എം. റഹ്മത്തുള്ള എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ) നൽകിയ മറുപടി</u>

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നതും യാത്രാ സൗകര്യം തീരെ ഇല്ലാത്തതുമായ ഒറ്റപ്പെട്ട തീരപ്രദേശങ്ങളിലെയും വനമേഖലകളിലെയും ജനങ്ങളെ രാജ്യവികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ജില്ലാ വിദ്യാഭ്യാസ പ്രാഥമിക പരിപാടി (ഡി.പി.ഇ.പി.) 1997-ൽ ആവിഷ്കരിച്ച നൂതന ആശയമാണ് ഏകാധ്യാപക വിദ്യാലയങ്ങൾ (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ് (എം.ജി.എൽ.സി)

അഥവാ ബദൽ സ്കൂളുകൾ. കേരളത്തിൽ കാസർഗോഡ്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കിയത്. ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയാണ് മൾട്ടി ഗ്രേഡ് ലേണിങ് സെന്റേഴ്സ് ആരംഭിച്ചത്. 1997 മുതൽ 2011 വരെ ഡി.പി.ഇ.പി. സർവ്വശിക്ഷാ അഭിയാൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ കരാർ അടിസ്ഥാനത്തിൽ ശമ്പളം നൽകിക്കൊണ്ടാണ് പദ്ധതിക്കാവശ്യമായ ചെലവുകൾ വഹിച്ചുവന്നിരുന്നത് (കേന്ദ്രഫണ്ട്). എന്നാൽ 2011-12 അധ്യയന വർഷം മുതൽ സംസ്ഥാനസർക്കാർ ഈ പദ്ധതിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തു.

2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു അടിസ്ഥാന സൗകര്യവുമില്ലാതെ കുട്ടികൾ എം.ജി.എൽ.സി.-കളിൽ പഠിക്കുന്നത് അവരുടെ നൂതന വിദ്യാഭ്യാസ അവകാശത്തെ നിഷേധിക്കുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എം.ജി.എൽ.സി.-കൾ നിർത്തലാക്കാൻ തീരുമാനിച്ചെങ്കിലും 11 ജില്ലകളിലെ 270 എം.ജി.എൽ.സി.-കളിൽ 12 എണ്ണം (4 എണ്ണം സർക്കാർ

ഉത്തരവ് പ്രകാരവും 8 എണ്ണം കോടതി ഉത്തരവ് പ്രകാരവും) നിലനിർത്തുകയുണ്ടായി. നിർത്തലാക്കിയ എം.ജി.എൽ.സി.-കളിൽ പത്ത് വർഷത്തിലധികമായി കരാറടിസ്ഥാനത്തിൽ തുടരുന്ന വിദ്യാ വോളന്ററിയർമാരിൽനിന്നും അവരുടെ താൽപര്യപത്രത്തിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ PTCM/FTCM ഒഴിവുകളിൽ നിയമിക്കുന്നതിന് അനുവാദം നൽകി ഉത്തരവായിരുന്നു. എന്നാൽ നിലനിർത്തിയിരുന്ന ഏകാധ്യാപക വിദ്യാലയങ്ങളിൽ പി.റ്റി.എ./എസ്.എസ്.കെ./സർക്കാർ ഓണറേറിയം എന്നിവയിലൂടെയാണ് അധ്യാപകരുടെ വേതനം നൽകിയിരുന്നത്.

കേരള സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി "ഏകാധ്യാപക വിദ്യാലയങ്ങളുടെ നവീകരണം-ആദിവാസി ഗോത്രവിഭാഗങ്ങൾ, തീരദേശ മേഖല എന്നിവിടങ്ങളിൽ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ഒറ്റപ്പെട്ട വിദ്യാർഥികൾക്ക് പഠനം ഉറപ്പുവരുത്തുന്നതിനായി ഏകാധ്യാപക വിദ്യാലയങ്ങൾക്ക് (MGLC)

എൽ.പി. സ്കൂൾ പദവി നൽകും" എന്ന് പ്രഖ്യാപിച്ചിരുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മലപ്പുറം ജില്ലയിലെ മേൽമുറി, അരിമംഗലം, കാളംതിരുത്തി, അരിമണൽ തരികളം ഇടുക്കി ജില്ലയിലെ കുറത്തിക്കുടി, കാസർഗോഡ് ജില്ലയിലെ ആലൂർ, കണ്ണൂർ ജില്ലയിലെ കാലാങ്കി എന്നീ 8 എം.ജി.എൽ.സി.-കൾ വിദ്യാർഥികളുടെ സൗകര്യങ്ങൾ പരിഗണിച്ചും വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിയ്ക്കാനും വേണ്ടി, 2026-27 അധ്യയന വർഷം മുതൽ എൽ.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തുകൊണ്ട് സ.ഉ.(കൈ)നം.147/2026/GEDN നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത എം.ജി.എൽ.സി.-കളെ എൽ.പി. സ്കൂളായി ഉയർത്തുന്ന സാഹചര്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന വിദ്യാവോളന്റിയർമാരുടെ തൊഴിൽ സ്ഥിരതയും സേവനസുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്.

32. <u>പ്രമേഹം ബാധിച്ച കുട്ടികളുടെ പരിരക്ഷ ഉറപ്പുവരുത്തൽ സംബന്ധിച്ച് ശ്രീ. രാജൻ ജെ. പല്ലൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ) നൽകിയ മറുപടി</u>

*Annexure to Submission*

ടൈപ്പ്-1 പ്രമേഹ ബാധിതരായ കുട്ടികൾക്കായി സ്കൂളുകളിൽ സജ്ജീകരിക്കപ്പെടേണ്ട സൗകര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനും ടൈപ്പ്-1 രോഗാവസ്ഥയിലുള്ള കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുന്നതിലേക്കുമായുള്ള പ്രവർത്തനങ്ങൾ നിലവിൽ ഡയറ്റുകൾ (District Institute of Educational Training) മുഖാന്തരം നടത്തിവരുന്നു. ആയതിലേക്കായി ഡയറ്റുകളുടെ തനത് ഫണ്ട് ആണ് ഉപയോഗിച്ചുവരുന്നത്.

ടൈപ്പ്-1 ഡയബറ്റീസ് ബാധിച്ച കുട്ടികൾ വിദ്യാലയങ്ങളിലും പൊതുസമൂഹത്തിലും നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് കൃത്യമായ പഠനം പിന്തുണയ്ക്കാനുമായി ഡയറ്റ് കോഴിക്കോടിന്റെ നേതൃത്വത്തിൽ 'ഗ്ലൈസിമ' (Glyzima) എന്ന സവിശേഷ പദ്ധതിക്ക് രൂപം നൽകുകയും പ്രസ്തുത വിഷയം പഠനവിധേയമാക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി.

കേരളത്തിൽ മൂവായിരത്തിലധികം ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികളുണ്ടെന്നാണ് കണക്ക്. അതിൽ മുന്നൂറിലധികം കുട്ടികൾ കോഴിക്കോട് ജില്ലയിലാണ് ജീവിക്കുന്നത്. ഈ കുട്ടികളുടെ ശരീരം ഇൻസുലിൻ

ഉത്പാദിപ്പിക്കാത്തതിനാൽ രക്തത്തിലെ പഞ്ചസായുടെ അളവ് ജീവനതന്നെ ഭീഷണിയായ രീതിയിൽ ഉയരുകയോ (ഹൈപ്പർഗ്ലൈസീമിയ) താഴുകയോ (ഹൈപ്പോഗ്ലൈസീമിയ) ചെയ്യാം. വിദ്യാലയ സമയങ്ങളിൽ കൃത്യമായ ഇടവേളകളിൽ ഗ്ലൂക്കോസ് നില പരിശോധിക്കുന്നതിനും ഇൻസുലിൻ കൃത്യ അളവിൽ നൽകുന്നതിനും അനുകൂല അന്തരീക്ഷം സ്കൂളുകളിൽ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ടൈപ്പ്-1 പ്രമേഹവുമായി ബന്ധപ്പെട്ട് ഡയറ്റ്, കോഴിക്കോട് വിഭാവനം ചെയ്ത് വിജയകരമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>ജില്ലയിലെ ടൈപ്പ്-1 ബാധിതരായ കുട്ടികളെ കണ്ടെത്തൽ</u> (Identification of Type-1 Children): സാമൂഹികമായ മാറ്റിനിർത്തലുകൾ ഭയന്ന് രോഗവിവരം ഒളിച്ചുവയ്ക്കുന്ന പ്രവണത അവസാനിപ്പിക്കാനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനുമുള്ള വിവരശേഖരണം.

2. <u>നിജസ്ഥിതി പഠനവും സ്ഥിതിവിവര വിശകലനവും (Status Study on SEP)</u>: 86 കുട്ടികളിൽ നടത്തിയ പഠനത്തിന്റെ സമഗ്രമായ ഡാറ്റാ

വിശകലനം. ഇതിൽ 52.3 ശതമാനം എയ്ഡഡ് സ്കൂളുകളിലും 41.9 ശതമാനം സർക്കാർ വിദ്യാലയങ്ങളിലുമാണ് പഠിക്കുന്നത്. കൂടാതെ 44.7 ശതമാനം രക്ഷിതാക്കളും സാധാരണ ദിവസക്കൂലിക്കാരാണെന്നുള്ളതാണ് കണ്ടെത്തൽ.

3. ക്ലാസ്സ് അധ്യാപകർക്കുള്ള പ്രത്യേക പരിശീലനം (Orientation for Class Teachers): സ്കൂൾ സമയങ്ങളിൽ ഉണ്ടാകാനിടയുള്ള ഹൈപ്പോഗ്ലൈസീമിയ, ഹൈപ്പർഗ്ലൈസീമിയ തുടങ്ങിയ അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യാൻ അധ്യാപകരെ സജ്ജമാക്കൽ.

4. രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം (Parental Orientation): കുട്ടികളുടെ രോഗാവസ്ഥ കൈകാര്യം ചെയ്യുമ്പോൾ മാതാപിതാക്കൾക്കുണ്ടാകുന്ന കടുത്ത മാനസിക സമ്മർദ്ദം കുറയ്ക്കൽ.

5. സ്കൂൾ സ്റ്റേക്ക് ഹോൾഡർമാരുടെ ശേഷി വികസനം (Capacitation on Safety & Infrastructure): സ്കൂളുകളിൽ ഒരു 'ഡയബറ്റിക് ഫ്രെണ്ട്ലി' (Diabetic Friendly) ആവാസവ്യവസ്ഥയും അടിയന്തര ചികിത്സാസൗകര്യങ്ങളും ഒരുക്കൽ.

6. ഇൻസുലിനും അനുബന്ധ സംഭരണ സാമഗ്രികളും സ്കൂളുകൾവഴി എത്തിക്കൽ (Mobilization Assistance): ജീവൻരക്ഷാ മരുന്നായ ഇൻസുലിൻ കൃത്യമായ താപനിലയിൽ സൂക്ഷിക്കാൻ സ്കൂളുകളിൽ റഫ്രിജറേറ്റർ സൗകര്യങ്ങൾ ഉറപ്പാക്കൽ.

7. ഗ്ലൈസീമിക് കൗൺസിലിങ്ങും മെഡിക്കൽ പിന്തുണയും (Glycemic Counselling and Medical Support): രക്തത്തിലെ പഞ്ചസാരയുടെ നിരന്തര വ്യതിയാനം കാരണം കുട്ടികളിലുണ്ടാകുന്ന പഠനവൈകല്യങ്ങൾ പരിഹരിക്കൽ.

8. യൂത്ത് ഹോസ്റ്റലിലെ 3 ദിവസത്തെ സഹപാഠ്യ ക്യാമ്പ് (3-Day Residential Camp): കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്താനും ആത്മവിശ്വാസം കൂട്ടാനുമുള്ള താമസ ക്യാമ്പ്.

9. ലയൺസ്, സൗഖ്യ ക്ലബ്ബുകൾ വഴിയുള്ള പോഷകാഹാര പിന്തുണ) Nutritional Support Carb food): "Millets of Hope" പദ്ധതിവഴി പാവപ്പെട്ട കുട്ടികൾക്ക് കുറഞ്ഞ അന്നജമടങ്ങിയ ചെറുധാന്യ കിറ്റുകൾ ലഭ്യമാക്കൽ.

10. ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള കുട്ടികളുടെ കാമ്പയിൻ (Campaign on NCD under Soukhya Project): രോഗബാധിതരായ കുട്ടികൾ തന്നെ ലീഡർമാരായി സമൂഹത്തിൽ അവബോധം വളർത്തൽ.

11. CSR സഹായത്തോടെ CGM (Continuous Glucose Monitor), (CGM Distribution via SuGATHI Project): ദിവസേനയുള്ള സൂചി കുത്തലുകളിൽനിന്ന് കുട്ടികളെ മോചിപ്പിച്ച് വേദനയില്ലാതെ രക്തത്തിലെ പഞ്ചസാര അളക്കാനുള്ള സെൻസറുകൾ ലഭ്യമാക്കൽ.

12. മിഠായി പദ്ധതിയും മിംസ് ഹോസ്പിറ്റൽ പിന്തുണയും (Medical Support via Mitayi & MIMS): സർക്കാർ പദ്ധതികളെയും സ്വകാര്യ ആശുപത്രികളെയും കോർഡിനേറ്റ് ചെയ്ത് സൗജന്യ വിദഗ്ധ ചികിത്സ ഉറപ്പാക്കൽ.

13. ഫുഡ് ചാർട്ട് വിശകലനവും ശീലവത്ക്കരണവും (Habit Formation Through Food Chart Analysis): ഹൈപ്പോ/ഹൈപ്പർ അവസ്ഥകൾ ഒഴിവാക്കാൻ കുട്ടികളിൽ ശാസ്ത്രീയ ഭക്ഷണരീതികൾ ശീലമാക്കൽ.

*Annexure to Submission*

14. ഫീൽഡ് വിസിറ്റും മാനസിക സമ്മർദ്ദ ലഘൂകരണവും (Field Visit and Stress Relaxation): സ്കൂൾ ഗേറ്റുകളിൽ മണിക്കൂറുകളോളം കാത്തിരിക്കേണ്ടിവരുന്ന അമ്മമാരുടെയും കുട്ടികളുടെയും പിരിമുറുക്കം വിനോദയാത്രകളിലൂടെയും കൗൺസിലിങ്ങിലൂടെയും ലഘൂകരിക്കൽ.

ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികൾ നേരിടുന്ന ഞരമ്പുകളുടെ പ്രവർത്തന വൈകല്യങ്ങൾ, ബുദ്ധിമാന്ദ്യം വരാനുള്ള സാധ്യതകൾ, പഠന നിലവാര തകർച്ച എന്നിവയെല്ലാം സജീവമായി നിരീക്ഷിക്കേണ്ടതുണ്ട്. വരുംവർഷങ്ങളിൽ കൂടുതൽ സ്കൂളുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാനും, പാഠപുസ്തക പരിഷ്കരണത്തിന്റെ ഭാഗമായി ടൈപ്പ്-1 പ്രമേഹ പരിചരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും ഡയറ്റ്, കോഴിക്കോട് ലക്ഷ്യമിടുന്നു.

കോഴിക്കോട് ഡയറ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ച് കേരളത്തെ ‘ ടൈപ്പ്-1 ഡയബറ്റിക്സ് ഫ്രണ്ട്ലി" സംസ്ഥാനമായി മാറ്റിയെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങളിൽ

ആരോഗ്യവകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുടെ സഹകരണവും പൊതുവിദ്യാഭ്യാസ വകുപ്പിന് ആവശ്യമായിട്ടുണ്ട്.

33. പാതിരാമണൽ ദ്വീപ് വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കൽ സംബന്ധിച്ച് ശ്രീ. പി. പ്രസാദ് എം.എൽ.എ.-യുടെ സബ്മിഷന് വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്) നൽകിയ മറുപടി

ചേർത്തല മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്ന ആലപ്പുഴ ജില്ലയിലെ പാതിരാമണൽ ദ്വീപ് ഇക്കോ ടൂറിസം പദ്ധതിക്ക് അനുയോജ്യമായതിനാൽ ഇവിടെ ശാസ്ത്രീയമായ രീതിയിൽ പ്രകൃതിക്ക് കോട്ടം തട്ടാത്ത വിധം പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇതിനായി സാധ്യതാപഠനം നടത്തി പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുന്നതാണ്.

വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ വിഭാവനം ചെയ്യുന്നത് പദ്ധതികളുടെ അനിവാര്യത, വിപണന സാധ്യതകൾ, ടൂറിസ്റ്റ് ആകർഷകത്വം, സന്ദർശകരുടെ വരവ്, ഭൂപ്രകൃതി, പാരിസ്ഥിതിക സാധ്യത എന്നിവയ്ക്ക് അനുസൃതമായാണ്. 50 ഗ്ലോബൽ ഡെസ്റ്റിനേഷൻ പദ്ധതിയിലും ഉൾപ്പെടുത്തേണ്ട വിനോദസഞ്ചാര പ്രോജക്ടുകൾ മേല്പറഞ്ഞ ഘടകങ്ങൾ കേന്ദ്ര മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ച് വിശദമായ

ചർച്ചകൾക്കുശേഷം തീരുമാനമെടുക്കുന്നതാണ്. പാതിരാമണലിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

34. തിരൂർ മലയാള സർവകലാശാലയുടെ വികസനം സംബന്ധിച്ച് ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ) നൽകിയ മറുപടി

മലയാള ഭാഷ, സാഹിത്യം, കേരള സംസ്കൃതി എന്നിവയുടെ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ആരംഭിച്ചത്. 2012 നവംബർ ഒന്നാം തീയതി തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ആരംഭിച്ച സർവകലാശാല ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രയേജനപ്പെടുത്തി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിച്ചുവരുന്നു.

സ്ഥിരം ക്യാമ്പസിന്റെ അഭാവം സർവകലാശാല നേരിടുന്ന വലിയൊരു വെല്ലുവിളിയാണ്. സർവകലാശാലയുടെ സ്ഥിരം ക്യാമ്പസ് നിർമ്മാണത്തിനായി 16 ആധാരങ്ങളിലായി 28 സർവെ നമ്പറുകളിൽ ഉൾപ്പെട്ട 4.1352 ഹെക്ടർ ഭൂമി 2018-19 സാമ്പത്തിക വർഷത്തിൽ

സർവകലാശാല വാങ്ങിയിരുന്നു. പ്രസ്തുത ഭൂമിയുടെ ആകെ വില 16,63,66,313.28 കണക്കാക്കിയിരുന്നു. സ്ഥലം ഏറ്റെടുത്ത വകയിൽ 2019-2020 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും ആദ്യ ഗഡുവായി 9 കോടി രൂപ തിരൂർ സ്പെഷ്യൽ തഹസിൽദാരുടെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് വർക്ക് ഡെപ്പോസിറ്റായി 03-07-2019-ലും രണ്ടാം ഗഡു 7,34,95,883 രൂപ മലയാള സർവകലാശാലയ്ക്ക് സർക്കാർ അധിക ധനാനുമതി മുഖാന്തരം അനുവദിച്ച തുകയിൽനിന്ന് 01-10-2020-ലും ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. വാങ്ങിയ ഭൂമിയിൽ 313/1B 313/3B 313/4B, 313/5, 316/9 എന്നീ അഞ്ച് സർവെ നമ്പറുകളിൽ ഉൾപ്പെട്ട ഏകദേശം നാല് ഏക്കറോളം ഭൂമിയിൽ മാത്രമാണ് നിർമ്മാണത്തിന് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. മറ്റ് സർവെ നമ്പരിൽ പെട്ട ഭൂമി CRZ-III-ൽപെടുന്ന തണ്ണീർതടങ്ങളാണ്. അനുമതി ലഭിച്ച സർവെ നമ്പരിൽപെടുന്ന ഭൂമിയിലാണ് കെട്ടിടം പണിയുന്നതനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്.

*Annexure to Submission*

സ്ഥിരം ക്യാമ്പസ് വികസനത്തിനും കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണത്തിനുമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി(PMC), നിർമ്മാണ മേൽനോട്ടം എന്നിവയ്ക്കായി COSTFORD-നെ ചുമതലപ്പെടുത്തി. COSTFORD-ഉം സർവകലാശാലയും തമ്മിൽ ഒപ്പുവച്ച കരാർ പ്രകാരം 60 കോടി രൂപയുടെ DPR തയ്യാറാക്കുന്നതിനായി COSTFORD-ന് നിശ്ചയിച്ച പ്രതിഫലം 0.5 ശതമാനം നിരക്കിൽ 18 ശതമാനം GST ഉൾപ്പെടെ 35,40,000/- ആയിരുന്നു. എന്നാൽ COSTFORD സമർപ്പിച്ചത് ഏകദേശം 138 കോടി രൂപയുടെ DPR-ഉം 81,44,342/- രൂപയുടെ പ്രതിഫല തുകയ്ക്കുള്ള ബില്ലുമാണ്. കരാർപ്രകാരമുള്ള നടപടിക്രമങ്ങൾക്കൊടുവിൽ COSTFORD തയ്യാറാക്കിയ DPR അനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുബന്ധ ആവശ്യങ്ങൾക്കുമായി ഏകദേശം 136 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

2021-22 ബഡ്ജറ്റിൽ മലയാളം സർവകലാശാല കെട്ടിടനിർമ്മാണത്തിന് 20,00,00,000/-രൂപ മാത്രം അടങ്കൽ തുകയായി

*Annexure to Submission*

അനുവദിച്ച സാഹചര്യത്തിൽ ടി തുകയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റ് (2018 DSR പ്രകാരമുള്ളത്) മലയാള സർവകലാശാല ലഭ്യമാക്കുകയും 03-06-2023-ലെ G.O (Ms) No. 310/2023/HEDN, നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപ ചെലവാക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു.

07-12-2018-ലെ G.O.(P) No. 188/2018/Fin ഉത്തരവ് പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കുള്ള 3 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച ഭരണാനുമതി ഉത്തരവിന്റെ പ്രാബല്യ കാലാവധി 02-06-2026-ന് അവസാനിപ്പിച്ചിരുന്നു.

2026-267-ലെ ആദ്യ ബഡ്ജറ്റിനേല്പുള്ള ഭേദഗതി പത്രികയിൽ പ്രസ്തുത ശീർഷകത്തിലെ വിഹിതത്തിൽ 1.0588 കോടി രൂപയുടെ കുറവ് വരുത്തിയതിനാലും പുതുതായി പ്രവർത്തി ഏറ്റെടുക്കുന്നതിന് 11-04-2025-ലെ ജി.ഒ(പി) നം. 48/2025/ധന പ്രകാരം DSOR 2021 അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിനാൽ സർവകലാശാലയ്ക്ക് ഭരണാനുമതി നൽകിയ വേളയിലെ എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടിവരികയും അടങ്കൽ

തുകയിലെ വ്യതിയാനം ഉണ്ടാക്കുകയും ചെയ്യുന്നതിനാലും ഭരണാനുമതി പുതുക്കി നൽകുന്നതിന് തുക ഇല്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിലാണ് ധനകാര്യ വകുപ്പ് ഭരണാനുമതി പുതുക്കി നൽകാത്തത്. എന്നാൽ വീണ്ടും എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനായി സർവകലാശാല സർക്കാരിനെ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

35. വൃക്ക രോഗികൾക്കുള്ള ധനസഹായം രോഗിയുടെ അക്കൗണ്ടിൽ നൽകൽ സംബന്ധിച്ച് ശ്രീ. ടി. ഒ. മോഹനൻ എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി) നൽകിയ മറുപടി

നിലവിലെ പദ്ധതി മാർഗനിർദേശങ്ങൾ പ്രകാരം വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1,000/- രൂപ ക്രമത്തിൽ ഒരുമാസം പരമാവധി 4,000/- രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ, സ്വകാര്യ ആശുപത്രി) നൽകിവരുന്നു. ഈ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകാൻ നിലവിലെ വ്യവസ്ഥകൾ

അനുവദിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കൾ ഉൾപ്പെടുന്ന സാഹചര്യം ഉള്ളതിനാൽ ഗുണഭോക്താക്കളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ല എന്നത് ഉറപ്പാക്കുന്നതിനാണ് ആശുപത്രികൾക്ക് തുക നേരിട്ട് കൈമാറുന്നത്. പ്രസ്തുത തുക നേരിട്ട് രോഗിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്ന സാഹചര്യമുണ്ടായാൽ ആയത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത കൂടുതലാണ്. ഡയാലിസിസ് ധനസഹായ നിരക്ക് വർധിപ്പിക്കുന്ന വിഷയം പതിനഞ്ചാം പഞ്ചവത്സര പദ്ധതിക്ക് മുന്നോടിയായി മാർഗരേഖ പരിഷ്കരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

36. <u>കോഴിക്കോട് നഗരത്തിലെ തെരുവുനായ ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം സംബന്ധിച്ച് ശ്രീ. കെ. ജയന്ത് എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി) നൽകിയ മറുപടി</u>

ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയെത്തുടർന്ന് തെരുവുനായ പ്രശ്നപരിഹാരത്തിനുള്ള മാർഗനിർദേശങ്ങൾ ഇതിനകം

പുറപ്പെടുവിച്ചിട്ടുള്ളതും ആയത് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്. 19-05-2026-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദയാവധം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനുള്ള വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജ്യർ (SoP) തയ്യാറാക്കി നൽകിയിട്ടുണ്ട്

കൂടാതെ തെരുവുനായ നിയന്ത്രണം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഡോഗ് ബ്രീഡിങ് റൂൾസ്, പെറ്റ് ഡോഗ് ലൈസൻസിങ് റൂൾസ് എന്നിവ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം എ.ബി.സി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ ഉന്നതതല മേൽനോട്ട സമിതിയും രൂപീകരിച്ചിട്ടുണ്ട്. 80 ശതമാനത്തിലധികം വരുന്ന തദ്ദേശസ്വംഭരണ സ്ഥാപനങ്ങളിൽ പ്രദേശികതല മേൽനോട്ട സമിതികൾ രൂപീകരിച്ചിട്ടുള്ളതും

ബാക്കി വരുന്ന തദ്ദേശ സ്ഥാപനങ്ങളിൽ മേൽനോട്ട സമിതികൾ രൂപീകരിക്കുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലുമാണ്.

തെരുവുനായ പ്രശ്നപരിഹാരത്തിനുള്ള സമഗ്ര മാർഗരേഖ സർക്കാർതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉൾപ്പെടുത്തിയിട്ടുള്ള കൈപ്പുസ്തകം തയ്യാറാക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ മാർഗരേഖ പ്രകാരം ഇനിമുതൽ തെരുവ് നായ ആക്രമണത്തിന് പരിഹാരം കാണലും നിയന്ത്രണവും അടക്കമുള്ള പൂർണ്ണ ഉത്തരവാദിത്തം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും. തെരുവുനായ പ്രശ്ന പരിഹാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തമായി മാറുന്നതോടുകൂടി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

37. <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർധിപ്പിക്കൽ സംബന്ധിച്ച് ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി) നൽകിയ മറുപടി</u>

*Annexure to Submission*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ നിർവഹിക്കുന്ന ഉത്തരവാദിത്തങ്ങളും ചുമതലകളും പരിശോധിക്കുമ്പോൾ ജനപ്രതിനിധികൾക്ക് ലഭിച്ചുവരുന്ന ഓണറേറിയം അപര്യാപ്തമാണെന്നും ഇത് കാലോചിതമായി വർധിപ്പിക്കേണ്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി 29-07-2026 -ൽ 1404/2026/LSGD നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് കാലതാമസം ഒഴിവാക്കി ഓണറേറിയം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വർധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം 2027 ജനുവരി ഒന്ന് മുതൽ നൽകുന്നതാണ്.

38. വിവിധ വകുപ്പുകളെ തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ ഏകീകരിച്ചതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് സംബന്ധിച്ച് ശ്രീ. സി. വി. ശാന്തകുമാർ എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി) നൽകിയ മറുപടി

*29-10-2026*

*Annexure to Submission*

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, എഞ്ചിനീയറിങ് എന്നീ വിഭാഗങ്ങളെ സംയോജിപ്പിച്ച് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതുമൂലം ജീവനക്കാരുടെ ഭരണപരമായ കാര്യങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയിലും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിലും ചില തടസ്സങ്ങളും സങ്കീർണ്ണതകളും ഉണ്ടായിട്ടുണ്ടെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വേഗത്തിലും ലളിതമായും ലഭ്യമാക്കുക എന്നത് അത്യാവശ്യമാണ്. ഇതോടൊപ്പം ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങളും പരിഹരിക്കുക എന്നതും ആവശ്യമാണ്. ഇതിനായി ഏകീകരണത്തിനുശേഷം ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അധ്യക്ഷനായും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൺവീനറായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പരിഗണന വിഷയങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

39. <u>അഴീക്കോട് നീർക്കടവിൽ ഫിഷ് ലാൻഡിങ് നിർമ്മാണം സംബന്ധിച്ച് ശ്രീ. കെ. വി. സുമേഷ് എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ) നൽകിയ മറുപടി</u>

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവിൽ ഒരു ഫിഷ് ലാൻഡിങ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 11-04-2023-ൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 24.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതുപ്രകാരം ടോപ്പോഗ്രാഫിക് സർവേ പ്രീ-മൺസൂൺ, പോസ്റ്റ്-മൺസൂൺ സീസണുകളിലായി ബെഡ് (വാട്ടർ & സോയിൽ) സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, നിയർ ഷോർ സൗണ്ടിങ്, ബീച്ച് ക്രോസ് സെക്ഷൻ പ്രവൃത്തികളും വിൻഡ് ആൻഡ് വേവ് ഒബ്സർവേഷൻ തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫിഷ് ലാൻഡിങ് സെന്റർ

സ്ഥാപിക്കുന്നതിനുള്ള മാതൃകാപഠനം നടത്തുന്നതിനായി 10-01-2024-ൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത പ്രദേശത്ത് ഫിഷ് ലാൻഡിങ് സെന്റർ നിർമ്മിക്കുന്നതിനായുള്ള മാതൃകാ പഠനത്തിന്റെ കരട് റിപ്പോർട്ട് CWPRS-ൽ നിന്നും ജൂലൈ 2025-ൽ ലഭ്യമാക്കുകയും ആയത് പ്രകാരമുള്ള ലേ-ഔട്ട് സംബന്ധിച്ച് 11-08-2025-ൽ മത്സ്യത്തൊഴിലാളികൾ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ ഗ്രോയിന്റെ നീളം 80 മീറ്ററായി നിശ്ചയിക്കുക, തീരസംരക്ഷണത്തിനാവശ്യമായ കല്ലുകളുടെ ലഭ്യതയും ഗതാഗതവും ഉറപ്പാക്കുക, കണ്ടനാഴി തോട് മുതൽ വടക്കുഭാഗത്തേക്ക് ഏകദേശം 1 കിലോമീറ്റർ നീളത്തിൽ FLC സ്ഥാപിക്കുന്നത് പരിഗണിക്കുക, കടലിന്റെ അടിത്തട്ടിലുള്ള ചെളിയും പാറകളും കാരണം മത്സ്യബന്ധനയാനങ്ങൾ കരയോട് അടുപ്പിക്കുന്നതിന് തടസമായ സാഹചര്യം പരിഹരിക്കുക തുടങ്ങിയ നിർദേശങ്ങൾ മുന്നോട്ടുവച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ മാതൃകാപഠന റിപ്പോർട്ട്

*Annexure to Submission*

CWPRS-ൽനിന്നും ഏപ്രിൽ 2026-ൽ ലഭ്യമായിരുന്നു. പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി 08-07-2026-ന് നീർക്കടവ് ഫിഷറീസ് സ്കൂൾ പരിസരത്തുവച്ച് ചേർന്ന യോഗത്തിൽ, റിപ്പോർട്ടിൽ വിഭാവനം ചെയ്തിരിക്കുന്ന T-ഗ്രോയിൻ നിർമ്മിക്കുമ്പോൾ ഭാവിയിൽ ടി പ്രദേശം ഒരു ഹാർബറായി വികസിപ്പിക്കേണ്ട സാഹചര്യം ഉണ്ടായാൽ പ്രസ്തുത നിർമ്മാണം അതിന് തടസ്സമാകുമോ എന്ന സംശയം മത്സ്യത്തൊഴിലാളികൾ ഉന്നയിച്ചു. ഗ്രോയിന്റെ ലൊക്കേഷൻ കോർഡിനേറ്റുകളുടെ അവ്യക്തത പരിഹരിക്കുന്നതിനും എല്ലാ പോയിന്റുകളുടെയും കോർഡിനേറ്റ് ലഭ്യമാക്കുവാനും പ്രസ്തുത ഗ്രോയിൻ ക്രോസ്സ് സെക്ഷൻകൂടെ ലഭ്യമാക്കുന്നതിനും മത്സ്യത്തൊഴിലാളികൾ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ CWPRS-ൽനിന്നും ടി വിശദാംശങ്ങൾകൂടി ഉൾപ്പെടുത്തിയ പുതുക്കിയ പഠന റിപ്പോർട്ട് ലഭ്യമായ ശേഷം EIA, CRZ ക്ലിയറൻസ്, കേരള മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും കൺസെന്റ് എന്നിവകൂടി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത

*Annexure to Submission*

പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

*********